# യുവജനലോകം

ഏപ്രിൽ 2024

വിജയം ലഭിക്കുന്നില്ലയോ, സ്ഥാനക്കയറ്റം ലഭിക്കുന്നില്ലയോ,

## നിന്റെ പ്രത്യാശ കൈവിടരുത്!







# ആമുഖം

# പ്രത്യാശയോടെ കാത്തിരിക്കുക!



എല്ലാവരെയും പോലെ പത്താം ക്ലാസ് പഠിക്കുവാൻ വലിയ ലക്ഷ്യത്തോടെ, ആരംഭം മുതൽ നന്നായി പഠിക്കണം എന്ന് ചിന്തിച്ച് ടൈംടേബിൾ തയ്യാറാക്കി പഠിക്കാനൊരുങ്ങിയ വിദ്യാർത്ഥിനി, ആദ്യ ദിവസം തന്നെ വീട്ടിൽ തളർന്നുവീണു. ഉടൻ തന്നെ ആശുപത്രിയിലെത്തിച്ചെങ്കിലും അവിടെ ഒരു ഞെട്ടൽ കാത്തിരുന്നു. മസ്തിഷ്ക ഞരമ്പിൽ രക്തം കട്ടപിടിച്ചതായി കാണപ്പെട്ടു, തലച്ചോറിന്റെ 5% മാത്രമേ പ്രവർത്തിക്കുന്നുള്ളൂ, അധികം Strain ചെയ്താൽ പ്രതികൂലമായി ബാധിക്കും. അതിനാൽ പുസ്തകം എടുത്ത് വായിക്കരുത് എന്ന് ഡോക്ടർമാർ പറഞ്ഞു. ധാരാളം ഗുളികകൾ കഴിച്ചതിന്റെ ഫലമായി, എനിക്ക് എല്ലായിപ്പോഴും ഉറക്കവും തലകറക്കവും ഉണ്ടായിരുന്നു, എനിക്ക് സ്കൂളിൽ പോകാനും കഴിഞ്ഞില്ല. ഒമ്പതാം ക്ലാസിൽ സ്കൂളിൽ ഒന്നാം സ്ഥാനത്തായിരുന്ന വിദ്യാർത്ഥിനി ഇപ്പോൾ 'പഠിക്കുവാൻ കഴിയുമോ!' എന്ന അവസ്ഥയിൽ എത്തിയിരിക്കുന്നു. ഈ സാഹചര്യത്തിൽ പത്താം ക്ലാസ് പൊതു പരീക്ഷ എങ്ങനെ എഴുതും? സ്കൂളിലെ അദ്ധ്യാപകർ, 'നീ പരീക്ഷ എഴുതരുത്" എന്ന് പറഞ്ഞു. കാരണം, ഈ വിദ്യാർത്ഥിനി പരീക്ഷയെഴുതി പരാജയപ്പെട്ടാലും അത് സ്കൂളിന്റെ 100% ഫലത്തെ ബാധിക്കും. അതുനിമിത്തം അവൾ വല്ലാതെ തളർന്നിരുന്നു. ഒരു ദിവസം അവൾ തിരുവെഴുത്തുകളിൽ, യേശു 5 അപ്പവും 2 മീനും വർദ്ധിപ്പിച്ച് 5000 പേർക്ക് തൃപ്തിയാകുംവണ്ണം നൽകിയ അത്ഭുതം വായിച്ചപ്പോൾ, ഇതുപോലെ എന്റെ തലച്ചോറിന്റെ 5% പ്രവർത്തനത്തെയും യേശുവിന് അനുഗ്രഹിച്ച്, അത്ഭുതകരമായി വർദ്ധിപ്പിക്കുവാൻ കഴിയുമെന്ന് വിശ്വാസത്തോടെ പ്രാർത്ഥിച്ച് അവൾ പഠിക്കുവാൻ തുടങ്ങി. ജനുവരിയിൽ അവൾ പുസ്തകങ്ങൾ വാങ്ങി, പ്രാർത്ഥിച്ച്, എന്നെ ശക്തനാക്കുന്ന ക്രിസ്തുവിലൂടെ എനിക്ക് എല്ലാം ചെയ്യാൻ ശക്തിയുണ്ട് എന്ന് വിശ്വാസത്തോടെ എല്ലാ പുസ്തകങ്ങളിലും എഴുതി. വളരെയധികം വേദനയും ബലഹീനതയും ഉണ്ടായിരുന്നിട്ടും, കർത്താവ് നൽകിയ ശക്തിയിൽ അവൾ എല്ലാ പരീക്ഷകളും എഴുതി. റിസൾട്ട് വന്നു. എന്തൊരു ആശ്ചര്യം! ഈ മകൾ School First, അതുകൂടാതെ ഹിന്ദിയ്ക്ക് ജില്ലയിൽ മൂന്നാം റാങ്കും നേടി സ്കൂളിന് അഭിമാനമായിത്തീർന്നു. ഡോക്ടറേറ്റോടെ ബിരുദം കൈവരിച്ച്, ഇന്ന് നിരവധി യുവജനങ്ങൾക്കിടയിൽ സാക്ഷിയായി നിന്ന് രക്ഷകനായ യേശുവിന്റെ സുവിശേഷം അറിയിക്കുന്ന മഹത്തായ ശുശ്രൂഷ ചെയ്തുവരുന്നു.



എന്റെ പ്രിയപ്പെട്ട യൗവനക്കാരെ!
ഇന്ന് നിങ്ങളും ധാരാളം പരാജയങ്ങളും, വീഴ്ചകളും കണ്ട് മടുത്തുവോ? എഴുന്നേൽക്കുവാനേ കഴിയുന്നില്ല എന്ന നിഗമനത്തിൽ എത്തിയിരിക്കുന്നുവോ? 'എത്ര ശ്രമിച്ചിട്ടും വിജയം ലഭിക്കുന്നില്ല, എത്ര ആത്മവിശ്വാസമുണ്ടായിട്ടും സ്ഥാനക്കയറ്റവും ലഭിക്കുന്നില്ല' എന്ന് മനസ്സ് തകർന്നിരിക്കുന്ന നിങ്ങളെ നോക്കി, "നിശ്ചയമായും ഇതിന് ഒരു അവസാനമുണ്ട്, നിങ്ങളുടെ പ്രത്യാശ പാഴായിപ്പോകുകയില്ല" എന്ന് കർത്താവ് പറയുന്നു. കർത്താവ് നിങ്ങൾക്കായി വച്ചിരിക്കുന്ന മഹത്വവും ഉയർച്ചയും അനുഗ്രഹവും നിശ്ചയമായും നിങ്ങൾക്ക് ലഭിക്കും.

അതിനാൽ വിശ്വാസത്തോടെ പ്രാർത്ഥിക്കുക, ശക്തിയോടെ പരിശ്രമിക്കുക, കർത്താവ് നിങ്ങളെ അനുഗ്രഹിക്കുകയും ഉയർത്തുകയും ചെയ്യട്ടെ! കൃപ നിങ്ങളോടുകൂടെ ഉണ്ടായിരിക്കട്ടെ!

ക്രിസ്തുവിന്റെ വേലയിൽ
മോഹൻ സി. ലാസറസ്

# മുത്തുച്ചിപ്പി



# ഒനേസിമൊസ്

**യുവഹൃദയങ്ങൾക്ക് എന്റെ ആശംസകൾ. ഈ മാസം മുത്തുച്ചിപ്പി എന്ന പരമ്പരയിൽ നാം കാണുവാൻ പോകുന്ന വ്യക്തിയാണ് ഒനേസിമൊസ്.**

ഒനേസിമൊസ് ഒരു അടിമയായിരുന്നു. ഉപയോഗപ്രദം എന്നാണ് ഒനേസിമൊസ് എന്ന പേരിന്റെ അർത്ഥം. കൊലൊസ്സ്യർ 4:9ലും, അപ്പൊസ്തലനായ പൗലൊസ് ഫിലേമോന് എഴുതിയ ലേഖനത്തിന്റെ 1-ാം അദ്ധ്യായത്തിന്റെ 10 -ാം വാക്യത്തിലും അവനെക്കുറിച്ച് എഴുതിയിരിക്കുന്നു. കൊലൊസ്സ്യർ പട്ടണത്തിൽ താമസിച്ചിരുന്ന ഫിലേമോൻ എന്ന മനുഷ്യന്റെ അടിമയായിരുന്നു ഒനേസിമൊസ്. അപ്പൊസ്തലനായ പൗലോസിന്റെ പ്രസംഗത്താൽ ഫിലേമോൻ രക്ഷിക്കപ്പെട്ടു. ഈ സാഹചര്യത്തിൽ ഒനേസിമൊസ് ഫിലേമോന്റെ വീട്ടിൽ നിന്നും സാധനങ്ങൾ എടുത്ത് അവൻ കൊലൊസ്സ്യ പട്ടണത്തിൽ നിന്ന് റോമിലേക്ക് ഓടിപ്പോയി. അക്കാലത്ത് അപ്പൊസ്തലനായ പൗലൊസ് റോമിൽ വീട്ടുതടങ്കലിലായിരുന്നു. എങ്ങനെയോ ഒനേസിമൊസ് പൗലോസിനെ കണ്ടുമുട്ടുകയും , ക്രിസ്തുവിന്റെ സ്നേഹം മനസ്സിലാക്കുകയും ചെയ്തു.

ഒനേസിമൊസ് ക്രിസ്തുവിനെ അറിയുന്നതിനുമുമ്പ്, അവൻ പ്രയോജനമില്ലാത്ത ദാസനും, അടിമയും, നീതികെട്ടവനും,കടക്കാരനും ആയിരുന്നു. എന്നാൽ ക്രിസ്തുവിനെ അറിഞ്ഞതിനുശേഷം അപ്പൊസ്തലനായ പൗലോസിന്റെ മകനായിരുന്നു ഒനേസിമൊസ്. പൗലോസിനെപ്പോലെ ഉപകാരപ്രദൻ, പ്രിയ സഹോദരൻ എന്നിങ്ങനെയുള്ള പേരുകൾ സ്വീകരിച്ച് അദ്ദേഹം വ്യത്യസ്തനായ ഒരു മനുഷ്യനായി മാറി. അപ്പൊസ്തലനായ പൗലോസിന്റെ പ്രസംഗവും ദൈവസ്നേഹവും ഒനേസിമൊസിനെ സാക്ഷിയാക്കി മാറ്റി. അതുകൊണ്ടാണ് അപ്പൊസ്തലനായ പൗലൊസ് ഒനേസിമൊസിനുവേണ്ടി ഒരു കത്തെഴുതി അവന്റെ കൈയിൽ കൊടുത്ത് ഫിലേമോന് കൊടുക്കുവാൻ പറഞ്ഞത്. അതാണ് ഫിലേമോന്റെ ലേഖനം. ഇന്ന് നമ്മുടെ കൈയിൽ ഫിലേമോന്റെ ലേഖനം ഉള്ളതിന്റെ പ്രധാന കാരണം ഒനേസിമൊസാണ്.

**ഇത് വായിക്കുന്ന യൗവനക്കാരെ, ദൈവസ്നേഹം ഒരു മനുഷ്യനെ എങ്ങനെ മാറ്റിയിരിക്കുന്നുവെന്ന് നോക്കൂ. ക്രിസ്തുവിനെ അറിയുന്നതിന് മുമ്പുള്ള ഒനേസിമൊസിന്റെ ജീവിതം വെറുക്കപ്പെട്ട ഒരു ജീവിതമായിരുന്നു. എന്നാൽ ക്രിസ്തുവിന്റെ സ്നേഹം അവനെ ഒരു ദാസനാക്കിമാറ്റി. അവനിലൂടെ ഇന്ന് നമുക്ക് ഫിലേമോന്റെ ലേഖനവും ലഭിച്ചിരിക്കുന്നു. നിങ്ങളുടെ ജീവിതം എങ്ങനെയിരിക്കുന്നു? ക്രിസ്തുവിനെ അറിഞ്ഞിട്ടും നിങ്ങൾ മാറിയിട്ടില്ലെങ്കിൽ, ഇന്ന് ഒനേസിമൊസിനെപ്പോലെ ആകുവിൻ. യേശുക്രിസ്തുവിനുവേണ്ടി ഫലം കൊടുക്കുവിൻ! പ്രയോജനപ്പെടുവിൻ!**



# അപമാനം അനുഗ്രഹമായി മാറി!

ഒരു ക്രൈസ്തവ കുടുംബത്തിൽ ജനിച്ചവൾ, ചെറുപ്പത്തിൽ തന്നെ സുവിശേഷം പ്രസംഗിക്കുകയും ആത്മീയ അനുഗ്രഹങ്ങൾ പ്രാപിക്കുകയും ചെയ്തു. നന്നായി പഠിച്ച് ഇന്ന് വക്കീലായിരിക്കുന്ന സഹോദരി ജോയ്ഷ, പഠിക്കുമ്പോൾ തന്നെ കർത്താവിന്റെ ശുശ്രൂഷയും ചെയ്യുമായിരുന്നു. കർത്താവ് നയിച്ച പാതകളെ കുറിച്ച് നമുക്ക് അവരോട് ചോദിക്കാം!

## കുട്ടിക്കാലവും കുടുംബവും

തിരുനെൽവേലി ജില്ലയിലെ വീരവനല്ലൂർ പട്ടണത്തിൽ ഒരു ക്രൈസ്ത കുടുംബത്തിൽ ജനിച്ച ഞാൻ ആത്മീയ അനുഭവത്തിലാണ് വളർന്നത്. എന്റെ അമ്മ അദ്ധ്യാപികയായി ജോലി ചെയ്തുകൊണ്ട് ഗ്രാമത്തിൽ ശുശ്രൂഷയും ചെയ്തുവരുന്നു. വിദേശത്ത് ജോലി ചെയ്തിരുന്ന അച്ഛൻ 2020ന് ശേഷം ഞങ്ങളോടു കൂടെയുണ്ട്. എനിക്ക് ഒരു സഹോദരനും ഒരു സഹോദരിയും ഉണ്ട്. അമ്മ ശുശ്രൂഷ ചെയ്യുന്നതിനാൽ ഞാനും എല്ലാ പ്രാർത്ഥനകളിലും പങ്കെടുക്കും. എനിക്ക് 8 വയസ്സുണ്ടായിരുന്നപ്പോൾ കർത്താവ് തന്റെ പരിശുദ്ധാത്മാവിനാൽ എന്നെ നിറച്ചു. ഞാൻ അഞ്ചാം ക്ലാസിൽ പഠിക്കുമ്പോൾ എന്റെ






ക്ലാസിലെ വിദ്യാർത്ഥികളോട് ഞാൻ സുവിശേഷം പറഞ്ഞതുകൊണ്ട് 'ഇങ്ങനെ പറയാൻ പാടില്ല' എന്നു പറഞ്ഞ് ടീച്ചർ എന്നെ ശകാരിച്ചു. എന്റെ കൂട്ടുകാരോട് യേശുവിനെക്കുറിച്ച് പറഞ്ഞതിന് എന്റെ കവിളിൽ അടിച്ചു. എന്നാൽ അവർ കുടുംബമായി രക്ഷിക്കപ്പെട്ടു എന്ന് കുറച്ച് വർഷങ്ങൾക്ക് ശേഷം അറിഞ്ഞപ്പോൾ, ഞാൻ കർത്താവിനെ സ്തുതിച്ചു.

ഞാൻ ആറാം ക്ലാസിൽ പഠിക്കുമ്പോൾ ഞങ്ങളുടെ സഭയിൽ നടന്ന യുവജനകൂട്ടായ്മയിലാണ് കർത്താവ് എനിക്ക് അന്യഭാഷാവരം നൽകിയത്. അതിനുശേഷം എന്റെ സ്നേഹിതരെയും ഞങ്ങളുടെ ഗ്രാമത്തെയും കുറിച്ചുള്ള ഭാരം വർദ്ധിച്ചു. ഞങ്ങൾ കുടുംബമായി ധാരാളം ക്യാമ്പുകളിൽ പങ്കെടുക്കും. 2013 മെയ് മാസത്തിൽ നടന്ന ശുശ്രൂഷകർക്കായുള്ള പരിശീലന ക്യാമ്പിൽ മോഹൻ അങ്കിൾ പ്രാർത്ഥനാ സമയത്തിൽ

"നിങ്ങൾ എവിടെ ശുശ്രൂഷ ചെയ്യണമെന്ന് കർത്താവ് നിങ്ങൾക്ക് കാണിച്ചുതരും" എന്നു പറഞ്ഞ് ആ വെളിപാട് ലഭിക്കുന്നതുവരെ പ്രാർത്ഥിക്കുവാൻ പറഞ്ഞു. അപ്പോൾ ഞാൻ എവിടെ ശുശ്രൂഷ ചെയ്യണമെന്ന് മൂന്ന് ഗ്രാമങ്ങൾ കർത്താവ് എനിക്ക് കാണിച്ചുതരികയും അതിനായി എന്നെ അഭിഷേകം ചെയ്യുകയും ചെയ്തു.

## ശുശ്രൂഷാ പാത

പരിശുദ്ധാത്മാവിന്റെ സഹായത്തോടെ ഞങ്ങൾ ഗ്രാമങ്ങളിൽ പോയി ശുശ്രൂഷ ചെയ്യുവാൻ തുടങ്ങി. കർത്താവ് എല്ലാം നിവൃത്തിച്ചു തന്നു. അതിൽ ഒരു ഗ്രാമത്തിലെ ആളുകൾ വളരെ അക്രമാസക്തരായതിനാൽ ശുശ്രൂഷ ചെയ്യുന്നത് വളരെ പ്രയാസമായിരുന്നു. എന്നാൽ കർത്താവിന്റെ മാർഗനിർദേശപ്രകാരം പോയതുകൊണ്ട് ഞങ്ങൾ അവിടെ തിന്മയൊന്നും കണ്ടില്ല. കുറച്ച് ദിവസങ്ങൾക്ക് ശേഷം ചില എതിർപ്പുകൾ ഉയർന്നു വന്നു. എന്നാൽ ഞങ്ങൾ പ്രാർത്ഥനയിൽ കർത്താവിനോട് അറിയിക്കുകയും കർത്താവിന്റെ നിർദേശപ്രകാരം പ്രവർത്തിക്കുകയും ചെയ്തതിനാൽ, എല്ലാ തടസ്സങ്ങളും നീക്കി, 2 1/2 വർഷം ആ ഗ്രാമത്തിൽ ശുശ്രൂഷ ചെയ്യുവാൻ കർത്താവ് കൃപ നൽകി.

സ്കൂൾ പഠനകാലത്ത് ഞാൻ സൺഡേ ക്ലാസിൽ ശുശ്രൂഷ ചെയ്യുമായിരുന്നു. അതോടൊപ്പം കർത്താവ് വെളിപ്പെടുത്തുന്ന സാത്താന്റെ കോട്ടകൾക്കെതിരെയുള്ള പ്രാർത്ഥനായാത്ര നടത്തുവാനും പോകും. ആ പ്രാർത്ഥനയിലൂടെ പിശാചിന്റെ പ്രവൃത്തികൾ തകരുന്നത് നമ്മുടെ കണ്ണുകളാൽ കാണുവാൻ കർത്താവ് സഹായിച്ചു. കോളേജിൽ പഠിക്കുമ്പോൾ തന്നെ



ട്യൂഷനെടുക്കുവാനും ദിവസേന 3 കിലോമീറ്ററോളം സൈക്കിൾ ചവിട്ടി സുവിശേഷവേല ചെയ്യുവാനുമുള്ള കൃപയും ശക്തിയും നൽകുകയും ചെയ്തു. 2014 മുതൽ ക്രിസ്തുമസ് ദിനത്തിൽ സാന്റായ്ക്കൊപ്പം ലഘുലേഖകളും കേക്കും നൽകി, അനേകരോട് സുവാർത്ത അറിയിക്കുവാൻ ഇതുവരെ കൃപ നൽകി വരുന്നു. അനേകം കൂട്ടായ്മകളുമായി ഒത്തുചേർന്ന് ശുശ്രൂഷിക്കുവാൻ കർത്താവ് കൃപ നൽകി വരുന്നു.

## പഠനം

എനിക്ക് പത്താം ക്ലാസിൽ ഏതെങ്കിലും വിഷയത്തിൽ 100/100 മാർക്ക് ലഭിക്കണമെന്ന് ആഗ്രഹമുണ്ടായിരുന്നു. 'കർത്താവ് നിന്റെ ആഗ്രഹപ്രകാരം നിനക്ക് ചെയ്തുതരും' എന്ന വചനമനുസരിച്ച് ശാസ്ത്രത്തിന് 100/100 മാർക്കും, 445/500 മാർക്കും നൽകി കർത്താവ് എന്നെ അനുഗ്രഹിച്ചു. അത് എന്റെ കഴിവ് കൊണ്ടോ ഞാൻ പഠിച്ചതുകൊണ്ടോ ലഭിച്ചതല്ല. പരീക്ഷാ ദിവസങ്ങളിൽ വിടുതൽ മഹോത്സവങ്ങൾ പോലുള്ള കൂട്ടായ്മകൾ ഉള്ളപ്പോൾ, ഞാൻ ആ കൂട്ടായ്മയുമായി ബന്ധപ്പെട്ട എല്ലാ ജോലികളും ചെയ്തുകഴിഞ്ഞ്, അർദ്ധരാത്രി 12 മണിക്ക് ശേഷമാണ് പരീക്ഷയ്ക്കായി പഠിക്കുന്നത്. കർത്താവ് എന്റെ പ്രയത്നങ്ങൾ കണ്ട് , എനിക്ക് ഈ വിജയം നൽകി.



11ാം ക്ലാസിൽ ഏത് ഗ്രൂപ്പ് എടുക്കണമെന്ന് ഞാൻ കർത്താവിനോട് ചോദിച്ചപ്പോൾ, കമ്പ്യൂട്ടർ സയൻസ് ഗ്രൂപ്പിൽ ചേരാൻ കർത്താവ് തന്റെ ഹിതം


സഹോദരി ജോയ്ഷ കുടുംബത്തോടൊപ്പം

വെളിപ്പെടുത്തി. പക്ഷേ ഞാൻ എന്റെ ഇഷ്ടപ്രകാരം ബയോളജി ഗ്രൂപ്പ് എടുത്ത് പഠിച്ചതുകൊണ്ട്, അതിൽ നന്നായി പഠിച്ച് , നല്ല മാർക്ക് വാങ്ങുവാൻ കഴിയാത്തതിനാൽ ഞാൻ വളരെ അപമാനിക്കപ്പെട്ടു. ദൈവഹിതത്തെ ധിക്കരിച്ച് ഞാൻ എന്റെ സ്വന്തം ഇഷ്ടപ്രകാരം പ്രവർത്തിച്ചതുകൊണ്ടാണ് എനിക്ക് ഈ അനന്തരഫലങ്ങൾ നേരിടേണ്ടി വന്നത്. അങ്ങനെ ഞാൻ "അങ്ങ് പറയുന്നതെന്തും ഞാൻ ചെയ്യും" എന്നു പറഞ്ഞ് കർത്താവിനോട് ക്ഷമ ചോദിച്ച് സമർപ്പണത്തോടെ പ്രാർത്ഥിച്ചതിനാൽ, 12ാം ക്ലാസിൽ കർത്താവ് എനിക്ക് വിജയം നൽകി. കോളേജിൽ എന്ത് പഠിക്കണം? എന്ന് പ്രാർത്ഥിച്ചപ്പോൾ "**B A History** പഠിക്കണ"മെന്ന് കർത്താവ് വെളിപ്പെടുത്തി. ദൈവഹിതപ്രകാരം **B A History** പഠിക്കുവാനും യൂണിവേഴ്സിറ്റിയിൽ 4 ാം റാങ്ക് നേടുവാനും കർത്താവ് സഹായിച്ചു. ദൈവഹിതമനുസരിച്ച് ഞാൻ പഠിച്ചതുകൊണ്ടാണ് ദൈവനാമം മഹത്വപ്പെട്ടത്.

UG അവസാന വർഷത്തിൽ, ' അടുത്തതായി ഞാൻ ഉന്നതവിദ്യാഭ്യാസം നേടണമോ, അല്ലെങ്കിൽ ജോലിക്ക് പോകണമോ' എന്ന് പ്രാർത്ഥിച്ചുകൊണ്ടിരുന്നപ്പോൾ, ഒരു ശുശ്രൂഷകൻ മുഖാന്തരം അഭിഭാഷകയാകാൻ പഠിക്കണമെന്ന് എന്നോട് സംസാരിച്ചു. അങ്ങനെ ഞാൻ ദൈവസന്നിധിയിൽ കാത്തിരുന്ന് പ്രാർത്ഥിച്ചപ്പോൾ, എസ്ഥേർ 10:3 വചനത്തിലൂടെ 'സ്വജനത്തിന് ഗുണകാംക്ഷിയും തന്റെ സർവവംശത്തിനും അനുകൂലവാദിയും ആയിരിക്ക' എന്ന് മൊർദ്ദെഖായിയോട് പറഞ്ഞ വചനമനുസരിച്ച്, 'ഉണർവിന്റെ നാളുകളിൽ നീ സമാധാനത്തിനുവേണ്ടി പ്രവർത്തിക്കുന്നവളായിരിക്കണ'മെന്ന് എന്നോട് ഇടപെട്ടു.

അതനുസരിച്ച് തിരുനെൽവേലി ലോ കോളേജിൽ **LLB** പഠിക്കുവാൻ ആരംഭിച്ചു. ഇപ്പോൾ ഞാൻ **LLB** പഠനം പൂർത്തിയാക്കി, 2023 മുതൽ തിരുനെൽവേലി ജില്ലയിലെ അമ്പായി കോടതിയിൽ അഭിഭാഷകയായി **practice** ചെയ്തുവരുന്നു. അതുകൂടാതെ, നിരവധി ശുശ്രൂഷകളിലും പ്രാർത്ഥനകളിലും പങ്കെടുത്ത് കർത്താവിനുവേണ്ടി പാർട്ട് ടൈം ശുശ്രൂഷയും ചെയ്തു വരുന്നു.

## യൗവനക്കാരോട് പറയുവാൻ ആഗ്രഹിക്കുന്നത്!




ഞാൻ പഠിച്ചതിനാലോ എന്റെ കഴിവുകൊണ്ടോ അല്ല ഈ ശ്രേഷ്ഠത എനിക്കുണ്ടായത്. കർത്താവിന്റെ ഇടപെടൽ പ്രകാരം പരിശുദ്ധാത്മാവിന്റെ ആലോചന അനുസരിച്ചതുകൊണ്ട്, കർത്താവ് എന്നെ ഉയർത്തിമാനിച്ചു. നിങ്ങളും കർത്താവിന്റെ ശുശ്രൂഷയ്ക്ക് പ്രഥമസ്ഥാനം നൽകുമ്പോൾ, കർത്താവ് നിങ്ങളുടെ പഠനത്തെയും ഭാവിയെയും അനുഗ്രഹിക്കും.

പ്രിയപ്പെട്ട യുവജനങ്ങളെ! കുട്ടിക്കാലത്ത് ശുശ്രൂഷ നിമിത്തം പല അപമാനങ്ങൾ നേരിട്ടിട്ടും, ശുശ്രൂഷ തുടർന്നതിനാൽ ഇന്ന് ഉന്നതസ്ഥാനത്ത് എത്തുവാൻ ജോയ്ഷയ്ക്ക് കഴിഞ്ഞുവെങ്കിൽ നിങ്ങളെയും ഉയർത്തി മാനിക്കുവാൻ കർത്താവിന് കഴിയും.



# ചുവന്ന പരവതാനി



**യുവ വിജയികൾക്ക് എന്റെ ഹൃദയം നിറഞ്ഞ ആശംസകൾ. ഈ ലോകത്തിലെ ഒരു മനുഷ്യന്റെയും ജീവിതം പൂർണ്ണമല്ല. പരാജയങ്ങളെ അതിജീവിച്ച് ജീവിതം മികച്ചതാക്കുന്നവരാണ് ജയാളി. അങ്ങനെ തന്റെ ജീവിതത്തെ നല്ല രീതിയിൽ മാറ്റിമറിച്ച ഒരു ജയാളിയുടെ ജീവിതം ഇതാ.**

കൊൽക്കത്തയിലെ ഒരു പാവപ്പെട്ട കുടുംബത്തിലാണ് ആസിഫ് റഹ്മാൻ ജനിച്ചത്. കോളേജ് പഠനം പൂർത്തിയാക്കി നല്ല ജോലി അന്വേഷിച്ച് പലയിടത്തും അലഞ്ഞു. കൊൽക്കത്ത പാർക്ക് സ്ട്രീറ്റിലെ ഒരു പരവതാനി സ്റ്റോറിലേക്ക് ആസിഫിന്റെ ശ്രദ്ധ തിരിഞ്ഞു. അയാൾ കടയുടെ പുറത്ത് നിന്ന് കൗതുകത്തോടെ നോക്കികൊണ്ടുനിന്നു. ഇത് കണ്ട പരവതാനി കടയുടമ ആസിഫിനെ വിളിച്ച് ആദ്യമായി ജോലി നൽകി. കടയിൽ ജീവനക്കാരനായി ജോലിയിൽ പ്രവേശിച്ച ആസിഫിനോട് സെയിൽസ് റെപ്രസന്റേറ്റീവായി വീടുകൾതോറും പരവതാനികൾ വിൽക്കാനാണ് ആദ്യം ആവശ്യപ്പെട്ടത്. അങ്ങനെ ആസിഫ് ശാരീരികവും മാനസികവുമായി നിരവധി വെല്ലുവിളികൾ നേരിട്ടു. എന്നാൽ അദ്ദേഹത്തിന്റെ മനസ്സ് തളരാതെ തുടർന്നതിനാൽ പരവതാനി ബിസിനസ്സിൽ വിദഗ്ധനായി മാറി.

2003 ൽ ന്യൂയോർക്ക് ആസ്ഥാനമായുള്ള ഒരു കാർപെറ്റ് കമ്പനിയിൽ ജോലി ചെയ്യാൻ ആസിഫിന് അവസരം ലഭിച്ചു. 8 വർഷം ആ കമ്പനിയിൽ ജോലി ചെയ്തു. അതേ മനോഭാവത്തോടെ പരവതാനി ബിസിനസ്സിൽ വിദഗ്ധനായ ആസിഫ് നല്ല ബിസിനസ് ബന്ധങ്ങളും സ്ഥാപിച്ചു. ഇതിന് ശേഷമാണ് സ്വന്തമായി ബിസിനസ്സ് തുടങ്ങാൻ തീരുമാനിച്ചത്. പിന്നെ തന്റെ കൈയിലുണ്ടായിരുന്ന 35 ലക്ഷം രൂപ കൊണ്ട് Insigne Carpets എന്ന കമ്പനി ആരംഭിച്ചു.

എന്ത് പ്രതിസന്ധി വന്നാലും നേരിടാൻ ആസിഫ് തയാറായിരുന്നു. വ്യവസായത്തിലെ തന്റെ പ്രശസ്തിയും ബന്ധങ്ങളും ഈ തടസ്സങ്ങൾ തരണം ചെയ്യാൻ സഹായിച്ചതായി ആസിഫ് പറയുന്നു. കമ്പനി ആരംഭിച്ച് കുറച്ച് ദിവസങ്ങൾക്ക് ശേഷം, മുംബൈയിലെ താജ്മഹൽ പാലസ് ഹോട്ടലിൽ നിന്ന് ആദ്യത്തെ ഓർഡർ ലഭിച്ചു. അത് അദ്ദേഹത്തിന്റെ ഒരു വലിയ നേട്ടമായിരുന്നു. വീണ്ടും കമ്പനി ക്രമേണ പുരോഗതി പ്രാപിച്ച് രാജ്യങ്ങളിലേക്ക് വ്യാപിക്കുകയും ചെയ്തു. രാജ്യത്തുടനീളമുള്ള പ്രാദേശിക കരകൗശല വിദഗ്ധരുടെ കഴിവുകൾ പ്രയോജനപ്പെടുത്തി കമ്പനി ജോലികൾ മുന്നേറി.

ഈ സ്ഥിരോത്സാഹത്തിന്റെ ഫലമായി,ഇന്ന് കമ്പനി വിനോദം, മെഡിക്കൽ, റെസിഡൻഷ്യൽ എന്നിങ്ങനെ വൈവിധ്യ മേഖലകളിലായി വിപുലമായിരിക്കുന്നു. La Samaritaine (Paris), The Pierre (New york), Wynn Casino (Las ragas), Salalah international Airport (Oman) എന്നിവിടങ്ങളിൽ ആസിഫിന്റെ കമ്പനി പരവതാനികൾ നിർമ്മിച്ചു നൽകിയിട്ടുണ്ട്.

അബുദാബിയിലെ കിരീടാവകാശിയുടെ സ്വകാര്യ കൊട്ടാരത്തിൽ പരവതാനി നിർമ്മിച്ചു നൽകുന്നത് Insigne ന്റെ ഏറ്റവും മികച്ച പ്രോജക്ടുകളിൽ ചിലതാണ്. അവരുടെ ക്ലയിന്റുകളിൽ Google, Luis Vuitton തുടങ്ങിയ കമ്പനികൾ ഉൾപ്പെടുന്നു. ഇന്ന് Insigne Carpets ന് ലോകമെമ്പാടുമുള്ള 13 ഡിസൈനർമാരും 18 ഓഫീസുകളും ഉണ്ട്. ഇന്ത്യയിലും ചൈനയിലും ഇതിന് നിർമ്മാണ സൈറ്റുകളുണ്ട്.

ഇത് വായിക്കുന്ന പ്രിയ യുവാക്കളെ, ഈ ഭൂമിയിൽ നമ്മുടെ ജീവിതം എളുപ്പമല്ല. ഒരു ജയാളിയായി ചുവന്ന പരവതാനിയിലൂടെ നടക്കണമെങ്കിൽ ആദ്യം ദുർഘടമായ വഴിയിലൂടെ നടക്കണം. വെറുതെ നടക്കുക മാത്രമല്ല, ആ വഴിയിലൂടെ സഞ്ചരിച്ച് വിജയത്തിന്റെ പാത സൃഷ്ടിക്കുവാൻ ആസിഫിനെപ്പോലെ പോരാടണം. തയാറായിരിക്കുവിൻ, ചുവന്ന പരവതാനിയിലൂടെ നടക്കാൻ തയാറായിരിക്കുവിൻ!...




# നിങ്ങൾക്ക് കഴിയും!

**ഞാൻ ഒരു നല്ല കോളേജിൽ നിന്ന് UG പഠനം പൂർത്തിയാക്കി. തുടർന്ന് MBA പൂർത്തിയാക്കി. പഠനം പൂർത്തിയാക്കിയശേഷം ഒരു വലിയ കമ്പനിയിൽ ഉയർന്ന സ്ഥാനത്തിൽ എത്തണം എന്നതായിരുന്നു എന്റെ സ്വപ്നം. പക്ഷേ ഒരു കമ്പനിയിലും പ്രതീക്ഷിച്ച ശമ്പളം കിട്ടിയില്ല. ഇങ്ങനെ പല കമ്പനികളിലും, ധാരാളം അവസരങ്ങൾ എനിക്ക് നഷ്ടമായി. പിന്നീട് സ്വന്തം കാലിൽ നിൽക്കുവാൻ ഒരു തൊഴിൽ ആരംഭിച്ചെങ്കിലും, ഒരു ലാഭവും ലഭിക്കാതെ നഷ്ടത്തിലായി. നിലവിൽ എന്റെ പഠനത്തിനായി എടുത്ത ബാങ്ക് ലോൺ അടയ്ക്കുവാൻ കഴിയാതെ, Business ചെയ്യുവാൻ എടുത്ത വായ്പ അടയ്ക്കുവാനും കഴിയാതെ വളരെ ബുദ്ധിമുട്ടിലാണ്. എന്തുചെയ്യണമെന്ന് എനിക്കറിയില്ല. ഇത് നിമിത്തം ഞാൻ ഇടയ്ക്കിടെ വിഷാദത്തിലാകുന്നു. നല്ല ശമ്പളമുള്ള ജോലി നേടുവാനും ഉയർന്ന പദവിയിലിരിക്കുവാനും ആഗ്രഹിക്കുന്നത് തെറ്റാണോ? എന്തുകൊണ്ടാണ് എനിക്കുമാത്രം ഇങ്ങനെ സംഭവിക്കുന്നത്? ഉയർന്ന നിലകളിൽ എത്തുവാൻ ഞാൻ എന്താണ് ചെയ്യേണ്ടത്? ദയവായി സഹായിക്കുക. - രാഹുൽ, ബാംഗ്ലൂർ.**

പ്രിയ സഹോദരാ, താങ്കളുടെ കത്ത് വായിച്ചപ്പോൾ അൽപ്പം വേദനയും സങ്കടവും ഉണ്ടായി. രാഹുൽ നിങ്ങളുടെ ലക്ഷ്യവും പദ്ധതിയും വളരെ ഉയർന്നതാണെങ്കിലും, ആ ഉയരത്തിലെത്തുവാനുള്ള രീതി സ്ഥിരതയുള്ളതല്ല, അതുകൊണ്ട് വിജയലക്ഷ്യം കൈവരിക്കുവാൻ കഴിയുന്നില്ല.

ഒരു നല്ല കമ്പനിയിൽ ഉയർന്ന സ്ഥാനം നേടണം എന്ന ആഗ്രഹം തെറ്റൊന്നുമല്ല. പക്ഷെ ഉടൻതന്നെ ഉയർന്ന തസ്തികയിലേക്ക് പോകണമെന്ന് കരുതുന്നത് തെറ്റാണ്. ഒരുപക്ഷേ നിങ്ങൾക്ക് ലഭിച്ച ആദ്യത്തെ ജോലിയിൽ തന്നെ ഇരുന്ന് പ്രവർത്തിപരിചയം നേടിയതിനുശേഷം വേറെ കമ്പനിയിൽ പോയിരുന്നുവെങ്കിൽ ആ പരിചയത്തിന്റെ അടിസ്ഥാനത്തിൽ നല്ല ശമ്പളത്തോടെ ക്രമേണ മുന്നേറാമായിരുന്നു. ആ അവസരം താങ്കൾ നഷ്ടപ്പെടുത്തിയത് നിർഭാഗ്യകരമാണ്. രാഹുൽ, ഇന്നത്തെ സാഹചര്യത്തിൽ വിദ്യാസമ്പന്നരായ ബിരുദധാരികൾക്ക് പോലും ജോലി ലഭിക്കുന്നതും, അവർ ഇഷ്ടപ്പെടുന്ന മേഖലയിൽ ജോലി ചെയ്യുന്നതും അപൂർവമാണ്. കമ്പനിയും ജോലിയും നിങ്ങളുടെ പ്രതീക്ഷയ്ക്കനുസരിച്ച് ലഭിക്കയില്ല. മാത്രവുമല്ല നിങ്ങൾ ആഗ്രഹിക്കുന്ന ശമ്പളവും ലഭിക്കില്ല. ഒരു കമ്പനി ഒരാളെ നിയമിക്കുമ്പോൾ, പരിചയമില്ലാത്ത Freshersന് ശമ്പളം കുറവാണ്, എന്നാൽ കൂടുതൽ പരിചയവും വൈദഗ്ധ്യവും ഉണ്ടെങ്കിൽ നിങ്ങൾക്ക് ശമ്പളം ആവശ്യപ്പെടാം.

ബീഹാറിൽ നിന്നുള്ള ബബ്ലി കുമാരി ഒരു സാധാരണ പോലീസ് കോൺസ്റ്റബിളായാണ് തന്റെ ഔദ്യോഗിക ജീവിതം ആരംഭിച്ചത്. എന്നാൽ ഉയർന്ന പദവിയിൽ എത്തണമെന്ന തീരുമാനത്തോടെ BPSC ( Bihar Public Service Commission) Exam എഴുതി, മൂന്നാമത്തെ ശ്രമത്തിൽ വിജയിക്കുകയും ഒരു DSP ആവുകയും ചെയ്തു. ആദ്യത്തെ Short term goal - govt service, ഒരു police constable ആയി. രണ്ടാമതായി, high position നേടുന്നതിനായി BPSC Exam എഴുതി, മൂന്നാം തവണ വിജയം നേടി.



രാഹുൽ, നമ്മുടെ ജീവിതത്തിൽ ഉടനടി ഉയരത്തിൽ എത്തണമെന്ന് ചിന്തിക്കുന്നത് ഒരു ശരിയായ രീതിയല്ല. നിങ്ങൾക്ക് പരിചയമില്ലാത്ത ബിസിനസ്സിൽ അമിതമായി നിക്ഷേപിക്കുകയും പണം നഷ്ടപ്പെടുകയും ചെയ്തതാണ് നിങ്ങളുടെ അടുത്ത തകർച്ച. ഒരു ബിസിനസ്സ് തുടങ്ങുന്നതിന് മുമ്പ്, അതിനെക്കുറിച്ച് നന്നായി പഠിക്കണം. തിടുക്കത്തിൽ ചെയ്യുന്ന കാര്യങ്ങൾ പലപ്പോഴും അനർത്ഥത്തിലാണ് അവസാനിക്കുന്നത്.

## പരാജയങ്ങളിൽ നിന്ന് പഠിക്കുവാനായി നിങ്ങളെ സഹായിക്കുന്ന ചില ടിപ്പുകൾ

**01** ആദ്യമായി CAREERൽ നിങ്ങൾ എന്തായി തീരുവാൻ ആഗ്രഹിക്കുന്നു എന്ന് അറിയേണ്ടതുണ്ട്.

**02** ഒരു ജോലിയിൽ നിങ്ങൾക്ക് ഉയർച്ച നേടണമെങ്കിൽ, കുറച്ച് വർഷങ്ങൾ അതിൽ നിലനിന്ന്, മുഴുവൻ ജോലിയും പഠിക്കണം. എന്നിട്ട് പടിപടിയായി ഉയരുവാൻ ശ്രമിക്കുക.

**03** ജോലിക്ക് പോയാൽ ശമ്പളത്തെക്കാൾ, അനുഭവപരിചയവും രീതികളും മനസ്സിലാക്കുവാൻ ശ്രമിക്കണം.

**04** കഴിയും എന്ന വിശ്വാസത്തോടെ പ്രവർത്തിക്കുവാൻ തുടങ്ങുക. ആദ്യം ഒരു ജോലിയിൽ ഇരുന്ന് അനുഭവപരിചയം നേടുക. എന്നിട്ട് ഉയർന്ന സ്ഥാനങ്ങളിലേക്ക് പോകുവാൻ ശ്രമിക്കുക.

ഇന്ന് ഒട്ടേറെ നേട്ടങ്ങൾ കൈവരിച്ചവരെല്ലാവരും നിരാശ, പരാജയം, അപമാനം, നിന്ദ, അവഗണന, നഷ്ടം തുടങ്ങിയ എല്ലാ പ്രതിസന്ധികളും അതിജീവിച്ച് വിജയത്തിന്റെ പടവുകൾ കയറിയിറങ്ങിയവരാണ്. അതുകൊണ്ട് നിരന്തരമായുള്ള പരാജയങ്ങളും അവസരങ്ങളുടെ കുറവും നിങ്ങളെ നിരുത്സാഹപ്പെടുത്തരുത്. വിവാഹം കഴിഞ്ഞ്, ഒരു കുട്ടിയെയും നോക്കി പോലീസ് ജോലി ചെയ്ത്, ഉന്നതപഠനം നടത്തിയ ഒരു സ്ത്രീയ്ക്ക് ഡി. എസ്. പി. ആയി ഉന്നതിയിലെത്തുവാൻ കഴിഞ്ഞുവെങ്കിൽ, നിങ്ങൾക്കും അതിന് കഴിയുമെന്ന ആത്മവിശ്വാസത്തോടെ പ്രവർത്തിക്കുവിൻ.

തീർച്ചയായും നിങ്ങളുടെ അവസ്ഥയ്ക്ക് ഒരു മാറ്റമുണ്ടാകും, നിങ്ങളുടെ പരാജയം വിജയമായി മാറും. ഇങ്ങനെ, ഞാൻ ഒന്നിനും കൊള്ളാത്തവനും പരാജയവുമാണ് എന്നു പറഞ്ഞ് തളർന്നുപോയ പലരെയും എഴുന്നേല്പ്പിച്ച യേശു നിങ്ങളെയും സഹായിക്കും. നിങ്ങൾക്കും ഒരു ദിവസം ജയാളിയായി മാറുവാൻ സാധിക്കും.

**പ്രാർത്ഥനയോടെ പരിശ്രമിക്കുവിൻ. യേശുക്രിസ്തു നിങ്ങളെ സഹായിക്കും. നിങ്ങളുടെ പ്രതീക്ഷ പാഴായി പോവുകയില്ല!**

# പ്രത്യാശ കൈവിടരുത്!



നമ്മുടെ ജീവിതത്തിൽ എന്തെങ്കിലും നേടണം എന്ന ഉദ്ദേശ്യത്തോടും താല്പര്യത്തോടും ഇരിക്കുമ്പോൾ "നിന്നെക്കൊണ്ട് കഴിയില്ല, ഇത് നിനക്ക് ആവശ്യമില്ലാത്ത ജോലിയാണ്" എന്നു പറഞ്ഞ് അത് തടസ്സപ്പെടുത്തുവാൻ അനേകർ കടന്നുവരും.
ഇങ്ങനെ നാം എന്ത് ചെയ്യുവാൻ ആഗ്രഹിക്കുന്നുവോ, നമ്മുടെ മനസ്സ് ചെയ്യുവാൻ ശ്രമിക്കുന്നത് എത്രപേർ വന്ന് പ്രതികൂലമായി സംസാരിച്ചാലും, വ്യക്തമായ ലക്ഷ്യങ്ങളും പദ്ധതികളും ശക്തമായ നിശ്ചയദാർഢ്യവും ഉണ്ടെങ്കിൽ നമുക്ക് ജീവിതത്തിൽ വിജയിക്കാം. നിങ്ങളുടെ സാഹചര്യം എന്തുതന്നെയായാലും, നിങ്ങൾ പ്രത്യാശ കൈവിടാതിരുന്നാൽ തീർച്ചയായും ജീവിതത്തിൽ വിജയിക്കുവാൻ കഴിയും.

വിരുദുനഗർ ജില്ലയിൽ തിരുത്തങ്കൽ എന്ന ഗ്രാമത്തിലാണ് R.G.ചന്ദ്രമോഹൻ ജനിച്ചത്.




കുടുംബസാഹചര്യങ്ങൾ കാരണം പഠനം പൂർത്തീകരിക്കുവാൻ കഴിയാതെ സ്കൂൾ പഠനം പാതിവഴിയിൽ ഉപേക്ഷിച്ചു. 1970 കളിൽ പ്രചാരത്തിലുണ്ടായിരുന്ന ഐസ്ക്രീം സാധാരണക്കാർക്കിടയിലും എത്തിക്കണമെന്ന ആശയവും ആഗ്രഹവും അദ്ദേഹത്തിനുണ്ടായി. തന്റെ കൈയിലുണ്ടായിരുന്ന പണം ഉപയോഗിച്ച് ആത്മവിശ്വാസത്തോടെ ഐസ്ക്രീം തയ്യാറാക്കി വിൽക്കുവാൻ തുടങ്ങി. കഠിനാധ്വാനത്തിലൂടെയും സ്ഥിരോത്സാഹത്തിലൂടെയും Hutsun Agro Product Ltd., എന്ന കമ്പനി സ്ഥാപിച്ചു.
സാധാരണക്കാരും ഐസ്ക്രീം കഴിക്കണം എന്ന ആശയത്തിൽ ആരംഭിച്ച Arun Ice Cream ഇന്ന് ഇന്ത്യയിലെ എല്ലാ തെരുവുകളിലും ലഭ്യമാണ്. ഇതിനുപുറമെ ഹഡ്സൺ തൈര്, ഇബാക്കോ ഐസ്ക്രീം, ആരോഗ്യ പാൽ,HAP Daily

എന്നിങ്ങനെ ഈ മേഖലയിൽ നേട്ടങ്ങൾ തുടർന്നുകൊണ്ടിരിക്കുന്നു. തന്റെ മുന്നേറ്റത്തിന് ഒട്ടേറെ പ്രതിബന്ധങ്ങളും വെല്ലുവിളികളും ഉണ്ടായിട്ടും പ്രതീക്ഷ കൈവിടാതെ അദ്ദേഹം മുന്നേറി, ജീവിതത്തിൽ വിജയം നേടിക്കൊണ്ടിരിക്കുന്നു.



നിങ്ങൾ സ്കൂൾ അല്ലെങ്കിൽ കോളേജ് പഠനം പൂർത്തിയാക്കി ജീവിതത്തിൽ അടുത്ത ഘട്ടത്തിലേക്ക് മുന്നേറാൻ ശ്രമിക്കുന്ന ഈ സമയത്തിൽ, നിരവധി പ്രതികൂലങ്ങളും പോരാട്ടങ്ങളും നേരിട്ടാലും അല്പം പോലും മനസ്സ് തളരാതെ ആത്മവിശ്വാസത്തോടെ നിങ്ങളുടെ ജീവിത ലക്ഷ്യത്തിലേക്ക് ഓടുവിൻ! തീർച്ചയായും വിജയം കൈവരിക്കും. കർത്താവേ, " ... ഞാൻ നിന്നിൽ ആശ്രയിക്കുന്നുവല്ലോ; ഞാൻ നടക്കേണ്ടുന്ന വഴി എന്നെ അറിയിക്കേണമേ ..." (സങ്കീ. 143:8) എന്നു പറഞ്ഞ് യേശുവിൽ വിശ്വസിക്കുവാൻ തുടങ്ങുവിൻ, കർത്താവ് നിങ്ങളെ ഒരിക്കലും കൈവിടുകയില്ല.

"കർത്താവിൽ ആശ്രയിക്കുന്നവർ ഭാഗ്യവാന്മാർ, അവരുടെ പ്രത്യാശയ്ക്ക് ഭംഗം വരുകയില്ല" എന്ന് വചനം പറയുന്നു. ജീവനുള്ള ദൈവത്തോടുള്ള നമ്മുടെ ആശ്രയം ഒരിക്കലും നമ്മെ ലജ്ജിപ്പിക്കുകയില്ല. "യഹോവയിൽ ആശ്രയിക്കുകയും യഹോവ തന്നെ ആശ്രയമായിരിക്കുകയും ചെയ്യുന്ന മനുഷ്യൻ ഭാഗ്യവാൻ" (യിരെ. 17:7). ജീവിതത്തെക്കുറിച്ച് വലിയ പ്രതീക്ഷകളുണ്ടായിരുന്ന യോസേഫിന്റെ ജീവിതത്തിൽ എല്ലാം പ്രതികൂലമായിരുന്നു. സ്വന്തം സഹോദരങ്ങൾ അവനെ ഈജിപ്തിലേക്ക് വിൽക്കുകയും അന്യായമായി കുറ്റം ചുമത്തുകയും തടവിലാക്കുകയും ചെയ്തപ്പോഴും അവന് കർത്താവിലുള്ള വിശ്വാസം നഷ്ടപ്പെട്ടില്ല. യോസേഫിനെ ജയിലിൽ നിന്നും ഈജിപ്തിലെ കൊട്ടാരത്തിലേക്ക് കൊണ്ടുപോയത് അവന്റെ കർത്താവിലുള്ള വിശ്വാസമാണ്. എത്ര തടസ്സങ്ങളും അപമാനങ്ങളും നിന്ദകളും ഉണ്ടായിട്ടും അവൻ കർത്താവിലുള്ള വിശ്വാസം കൈവിട്ടില്ല. " എന്റെ ഹൃദയം അവങ്കൽ ആശ്രയിച്ചു; എനിക്ക് സഹായവും ലഭിച്ചു" (സങ്കീ. 28:7) എന്ന തിരുവചനപ്രകാരം യോസേഫ് തന്റെ ജീവിതത്തിലെ എല്ലാ സാഹചര്യങ്ങളിലും കർത്താവിൽ ആശ്രയിച്ച് വിജയം കൈവരിച്ചു. സാഹചര്യം എന്തുതന്നെയായാലും നിരാശപ്പെടരുത്, യോസേഫിനെപ്പോലെ യേശുവിൽ വിശ്വസിക്കുക, കർത്താവ് തീർച്ചയായും നിങ്ങളെ ഉയർത്തും. നിങ്ങളുടെ ഭാവി, പഠനം, ജോലി തുടങ്ങിയ എല്ലാറ്റിലും കർത്താവ് നിങ്ങളെ സഹായിക്കും. നിങ്ങൾ ചെയ്യേണ്ടുന്ന ഒരേയൊരു കാര്യം, "നിന്റെ വഴി യഹോവയെ ഭരമേല്പിക്ക; അവനിൽതന്നെ ആശ്രയിക്ക; അവൻ അതു നിർവഹിക്കും" (സങ്കീ. 37:5). നിങ്ങളുടെ ജീവിതം പൂർണ്ണമായി കർത്താവിന്റെ കരങ്ങളിൽ സമർപ്പിച്ച് ആത്മവിശ്വാസത്തോടെ കാത്തിരിക്കുവിൻ. കർത്താവ് നിങ്ങളുടെ സാഹചര്യങ്ങളെ മാറ്റി കാര്യങ്ങൾ സാധ്യമാക്കിത്തരും.

**എന്റെ പ്രിയപ്പെട്ട യൗവനക്കാരെ, ഏതൊരു സാഹചര്യത്തിലും നിങ്ങളുടെ വിശ്വാസം നഷ്ടപ്പെടുത്തരുത്. വിശ്വാസമില്ലാത്ത ഈ ലോകത്തിൽ ഒരോ ദിവസവും പലവിധത്തിലുള്ള പോരാട്ടങ്ങളാൽ നിങ്ങൾ ഞെരുങ്ങിയാലും, ഒന്നിനെക്കുറിച്ചും ഭാരപ്പെടരുത്, തളരരുത്, ഒരുതരത്തിലുള്ള നിഷേധാത്മക ചിന്തകൾക്കും സ്ഥാനം നൽകരുത്. കർത്താവിൽ വിശ്വസിക്കുക, "എന്റെ പ്രത്യാശ അവങ്കൽനിന്നു വരുന്നു" (സങ്കീ. 62:5). കർത്താവ് നിങ്ങളെ ലജ്ജിക്കാൻ അനുവദിക്കുകയില്ല!**




# ഭയപ്പെടേണ്ട ജയം നിങ്ങൾക്കുള്ളതാണ്!



## ഞാൻ ഭയപ്പെടാതെ ആശ്രയിക്കും (യെശ.12:2)



2 ദിനവൃത്താന്തം 20 -ാം അദ്ധ്യായം വായിക്കുമ്പോൾ, യെഹോശാഫാത്ത് എന്ന രാജാവിനെക്കുറിച്ച് എഴുതിയിരിക്കുന്നു. യഹോവയെ പ്രസാദിപ്പിക്കുന്ന ഒരു ജീവിതം നയിക്കുവാനും ഇസ്രായേൽ ജനത്തെ ഭരിക്കുവാനും സ്വയം സമർപ്പിച്ച ദൈവഭക്തനായിരുന്നു യെഹോശാഫാത്ത് രാജാവ്. പെട്ടെന്ന് ഒരു ദിവസം മൂന്ന് രാജാക്കന്മാർ ഒന്നിച്ചു ചേർന്ന് ഒരു വലിയ സൈന്യവുമായി അദ്ദേഹത്തിനെതിരെ യുദ്ധത്തിനു വന്നു. വലിയ സൈന്യമായിരുന്നതിനാൽ അവരുമായി യുദ്ധം ചെയ്ത് ജയിക്കുവാൻ കഴിയാത്ത അവസ്ഥയെക്കുറിച്ചോർത്തപ്പോൾ അദ്ദേഹത്തിൽ ഒരു ഭയം ഉടലെടുത്തു. ഇത്രയും വലിയ സൈന്യത്തെ ഞാൻ എങ്ങനെ കീഴടക്കും? എതിരാളികൾ അരികിലെത്തിയിരിക്കുന്നു, വിജയിക്കുവാൻ നമുക്ക് എന്തുചെയ്യുവാൻ കഴിയും? യുദ്ധം ചെയ്യേണ്ട സാഹചര്യം വന്നയുടനെ, ഉപവസിച്ച് പ്രാർത്ഥിക്കുവാൻ തന്റെ രാജ്യത്തിലെ എല്ലാ ജനങ്ങളെയും യെരുശലേമിൽ കൂട്ടിവരുത്തി.

ഉടൻതന്നെ ഒരു വലിയ ജനക്കൂട്ടം യെരുശലേമിൽ തടിച്ചുകൂടി. എല്ലാവരും ഒരേ മനസ്സോടെ പ്രാർത്ഥിച്ചു. "ഞങ്ങളുടെ നേരെ വരുന്ന ഈ വലിയ സമൂഹത്തോടെതിർപ്പാൻ ഞങ്ങൾക്കു ശക്തിയില്ല; എന്തു ചെയ്യേണ്ടൂ എന്ന് അറിയുന്നതുമില്ല; എങ്കിലും ഞങ്ങളുടെ കണ്ണുകൾ നിങ്കലേക്കു തിരിഞ്ഞിരിക്കുന്നു" (2 ദിന. 20:12) എന്ന് യെഹോശാഫാത്ത് കർത്താവിനെ നോക്കി അത്ഭുതകരമായ ഒരു പ്രാർത്ഥന നടത്തി. എന്റെ കണ്ണുകൾ നിങ്കലേക്കു തിരിഞ്ഞിരിക്കുന്നു, എന്നെ സഹായിച്ച്, എനിക്ക് ജയം നൽകുവാൻ അങ്ങേയ്ക്ക് കഴിയും! ഈ മഹായുദ്ധത്തിൽ എനിക്ക് വിജയം നൽകുവാൻ അങ്ങേയ്ക്ക് കഴിയും! എന്റെ ശക്തികൊണ്ടല്ല, എന്റെ പ്രയത്നം കൊണ്ടുമല്ല അതിന് കഴിയില്ലെന്നും എനിക്കറിയാം, എന്നാൽ അങ്ങേയ്ക്ക് എന്നെ സഹായിക്കുവാൻ കഴിയും" എന്ന് അദ്ദേഹം പ്രാർത്ഥിച്ചു. ആ പ്രാർത്ഥനയിലൂടെ കർത്താവ് കാര്യങ്ങൾ മാറ്റിമറിച്ച്, അത്ഭുതകരമായ വിജയം നൽകിയെന്ന് വേദപുസ്തകത്തിൽ എഴുതപ്പെട്ടിരിക്കുന്നു. കർത്താവ് ഒരു വലിയ വിജയം നൽകി.



യെഹോശാഫാത്ത് പ്രാർത്ഥിക്കുന്നതുവരെ അദ്ദേഹത്തിന്റെ മനസ്സിലുണ്ടായിരുന്ന ഭയം തുടർന്നുകൊണ്ടേയിരുന്നു. ആ പ്രാർത്ഥനയ്ക്കു ശേഷം അദ്ദേഹം ധൈര്യത്തോടെ യുദ്ധം നേരിടാൻ പുറപ്പെട്ടു. എന്തെന്നാൽ, "ഈ വലിയ സമൂഹം നിമിത്തം ഭയപ്പെടരുത്, ഭ്രമിക്കുകയും അരുത്" (2 ദിന.



20:15) എന്ന് കർത്താവ് വാഗ്ദത്തം നൽകിയിരുന്നു. പുറപ്പെട്ടുവരുന്ന ആ മഹാസൈന്യത്തെ നിങ്ങൾ ഭയപ്പെടേണ്ട. നിങ്ങൾക്കെതിരായി യുദ്ധം ചെയ്യുവാൻ വന്നിരിക്കുന്ന സൈന്യത്തെ ഭയപ്പെടരുത്. അതായിരുന്നു കർത്താവ് അരുളിച്ചെയ്ത ആദ്യത്തെ വാക്ക്. കർത്താവ് ഹൃദയത്തിൽ നിന്ന് ഭയം എടുത്തുമാറ്റി.



നിങ്ങൾ എഴുതാൻ പോകുന്ന പരീക്ഷ ഒരു വലിയ യുദ്ധക്കളമാണ്. യെഹോശാഫാത്തിനെപ്പോലെ നിങ്ങൾക്കും അസ്വസ്ഥമായ ഒരു ഹൃദയം ഉണ്ടായിരിക്കാം. ഞാൻ വിജയിക്കുമോ? ഈ വിഷയത്തിൽ എനിക്ക് എത്ര മാർക്ക് നേടാനാകും? ഈ വിഷയത്തിൽ ഞാൻ എങ്ങനെ വിജയിക്കും? ഇതുവരെ ഞാൻ അതിൽ പരാജയം മാത്രമേ കണ്ടിട്ടുള്ളൂ. അന്ന് ഭയപ്പെട്ടിരുന്ന യെഹോശാഫാത്ത് കർത്താവിനോട് പ്രാർത്ഥിച്ചതുപോലെ നിങ്ങൾക്കും പ്രാർത്ഥിക്കാം, നിങ്ങളുടെ വിഷയങ്ങൾ മനോഭാരത്താൽ പറയാം. 'എന്ത് ചെയ്യണമെന്ന് എനിക്കറിയില്ല, എന്റെ കണ്ണുകൾ അങ്ങയെ നോക്കുന്നു. എന്നെ സഹായിക്കുവാനും എനിക്ക് വിജയം നൽകുവാനും അങ്ങേയ്ക്ക് കഴിയും' എന്ന് കർത്താവിനോട് നിങ്ങൾ പറയുമ്പോൾ തന്നെ കർത്താവ് നിങ്ങൾക്ക് വിജയം നൽകും. 'ഞാൻ ഭയപ്പെടാതെ വിശ്വാസത്തോടെ ഇരിക്കും' എന്ന് പറയുവിൻ.

ഞാൻ ഭയപ്പെടുകയില്ല എന്ന അനുഭവം നിങ്ങൾക്കുണ്ടായിരിക്കണം. അത് എങ്ങനെ പ്രാപിക്കും? സാഹചര്യം നോക്കിയാൽ ഹൃദയത്തിൽ ഭയം ഉണ്ടാകും. എന്നാൽ നിങ്ങൾ തിരുവെഴുത്തുകൾ നോക്കുമ്പോൾ 365 സ്ഥലങ്ങളിൽ വീണ്ടും വീണ്ടും 'നീ ഭയപ്പെടേണ്ട / ഭയപ്പെടാതിരിക്കുവിൻ' എന്ന് കർത്താവ് പറഞ്ഞിരിക്കുന്നു. അതായത് എല്ലാ ദിവസവും, നീ ഭയപ്പെടേണ്ട മകനേ, നീ ഭയപ്പെടേണ്ട മകളേ എന്ന് പറഞ്ഞിരിക്കുന്നു. നാം ഭയപ്പെടുവാൻ കർത്താവ് ആഗ്രഹിക്കുന്നില്ല. എന്തുകൊണ്ടാണെന്ന് നിങ്ങൾക്കറിയാമോ? ഭയം വേദനാജനകമാണ്, ഭയം നിങ്ങളുടെ ഹൃദയത്തെ ബാധിക്കുന്നു, ഈ ഭയമാണ് നിങ്ങളുടെ പഠനത്തെ തടസ്സപ്പെടുത്തുന്നത്, ഈ ഭയമാണ് നിങ്ങളുടെ വിജയത്തെ തടസ്സപ്പെടുത്തുന്നത്, അതിനാൽ 'ഭയപ്പെടാതിരിക്കുവിൻ' എന്ന് കർത്താവ് അരുളിച്ചെയ്യുന്നു.

യേശു ജനിച്ചപ്പോൾ ദൂതൻ ലോകത്തിന് നൽകിയ സന്ദേശം "ഭയപ്പെടേണ്ടാ, നിങ്ങൾക്കായി ഒരു രക്ഷിതാവ് ജനിച്ചിരിക്കുന്നു" (ലൂക്കോ. 2:10). തന്റെ മരണത്തിനും ഉയിർത്തെഴുന്നേല്പിനും ശേഷം യേശു ലോകത്തിന് നൽകിയ ആദ്യത്തെ സന്ദേശം 'ഭയപ്പെടേണ്ട' എന്നതായിരുന്നു.

നിങ്ങളുടെ ഹൃദയത്തിൽ ഭയം ഉണ്ടാകാനുള്ള കാരണം എന്താണ്? ആലോചിച്ചു നോക്കുവിൻ! ഇതുവരെ ശരിയായി പഠിക്കാതെ നിങ്ങളുടെ സമയം നഷ്ടപ്പെടുത്തി, അലസത കാട്ടി, മോശമായ സ്നേഹിതർക്ക് സ്ഥാനം നൽകി. പഠിക്കുവാനുള്ള സമയം നഷ്ടപ്പെടുത്തിയതിനാൽ ഇന്ന് ഭയം.

ശരി, ഈ ഭയം എങ്ങനെ മാറും? എപ്പോൾ മാറും?

നിങ്ങൾ ചെയ്ത തെറ്റുകൾ മനസ്സിലാക്കി "യേശുവേ, എന്നോട് ക്ഷമിക്കേണമേ, ഞാൻ തെറ്റ് ചെയ്തു, എന്റെ കർത്തവ്യം ഞാൻ ശരിയായി ചെയ്തില്ല, പഠിക്കേണ്ട സമയത്ത് ഞാൻ പഠിച്ചതുമില്ല, ടിവിയും സെൽഫോണും കണ്ട് സമയം കളഞ്ഞു, എന്നോട് ക്ഷമിക്കേണമേ" എന്ന് നിങ്ങളുടെ തെറ്റുകൾ തിരിച്ചറിഞ്ഞ് കർത്താവിനോട് ക്ഷമ ചോദിക്കുമ്പോൾ കർത്താവ് ക്ഷമിച്ച് നിങ്ങളിൽ നിന്ന് ആ ഭയം നീക്കുകയും ചെയ്യും.

**പ്രിയ യുവജനങ്ങളെ! പരീക്ഷയെക്കുറിച്ചുള്ള നിങ്ങളുടെ ഭയം യേശു മാറ്റിയിരിക്കുന്നു. നിങ്ങൾ കർത്താവിൽ ആശ്രയിക്കുമ്പോൾ, വിജയം ഉറപ്പാണ്. "ഞാൻ ജയിക്കും, ഞാൻ നേടും, യേശു എന്റെ കൂടെയുണ്ട്" എന്ന ധൈര്യത്തോടെ പരീക്ഷാഫലത്തിനായി കാത്തിരിക്കുവിൻ, കർത്താവ് അത്ഭുതം ചെയ്യും!**

TECH - 3

# ഫോണിന്റെ ഉപയോഗം



**Hello കൂട്ടുകാരെ.... സന്തോഷത്തോടെ ജീവിക്കാൻ നമ്മൾ പല വഴികൾ പിന്തുടരുന്നു. എന്നാൽ ആധുനിക ലോകത്തിൽ നമ്മെ ആരൊക്കെയോ നിരീക്ഷിക്കുന്നുണ്ടെന്ന് നിങ്ങളിൽ എത്ര പേർക്ക് അറിയാം? നമ്മൾ ഓരോ തവണ സംസാരിക്കുമ്പോഴും നടക്കുമ്പോഴും ആരൊക്കെയോ നമ്മെ നിരീക്ഷിക്കുന്നുണ്ട്.**

1 പത്രൊസ് 5:8 ൽ "നിർമദരായിരിപ്പിൻ; ഉണർന്നിരിപ്പിൻ; നിങ്ങളുടെ പ്രതിയോഗിയായ പിശാച് അലറുന്ന സിംഹം എന്നപോലെ ആരെ വിഴുങ്ങേണ്ടു എന്നു തിരഞ്ഞു ചുറ്റി നടക്കുന്നു" എന്ന് തിരുവെഴുത്തുകൾ നമുക്ക് മുന്നറിയിപ്പ് നൽകുന്നു. അതിനാൽ നാം എല്ലാ കാര്യങ്ങളിലും സുബോധമുള്ളവരും ഉണർവുള്ളവരുമായിരിക്കണം. മത്തായി 10:16ൽ "പാമ്പിനെപ്പോലെ ബുദ്ധിയുള്ളവരും പ്രാവിനെപ്പോലെ കളങ്കമില്ലാത്തവരും ആയിരിക്കു"വാൻ കർത്താവായ യേശു നമ്മെ പഠിപ്പിക്കുന്നു.



മൊബൈൽ ഫോൺ കൈകാര്യം ചെയ്യുന്ന നമ്മൾ അത് ശ്രദ്ധയോടെ കൈകാര്യം ചെയ്യണം. മൊബൈൽ ഫോണിൽ ഒരു ആപ്പ് ഇൻസ്റ്റാൾ ചെയ്യുമ്പോൾ permission ചോദിക്കുന്ന ഒരു popup വരും, ആ സമയത്ത് നമ്മൾ അലക്ഷ്യമായി എല്ലാറ്റിനും പെർമിഷൻ നൽകുകയും എങ്ങനെയെങ്കിലും പുതിയ ആപ്പ് ഉപയോഗിക്കുവാൻ ശ്രമിച്ച് അബദ്ധം പറ്റുകയും ചെയ്യും. നാം അനുവാദം നൽകുമ്പോൾ നമ്മളറിയാതെ തന്നെ ഫോണിലെ ക്യാമറയും മൈക്കും ഉപയോഗിക്കുവാനുള്ള അനുവാദം ചില ആപ്പുകൾക്ക് ലഭിക്കുന്നു. ചില പ്രധാനപ്പെട്ട ഫയലുകൾ മറയ്ക്കുവാൻ vault എന്ന ചില



ആപ്പുകൾ ഡൗൺലോഡ് ചെയ്യുമ്പോൾ, അത് നമ്മുടെ ക്യാമറയെ നിയന്ത്രിക്കുവാൻ തുടങ്ങും. ചില ഗെയിം ആപ്പുകൾ പോലും അങ്ങനെ നിയന്ത്രിക്കുന്നതായി പഠനങ്ങൾ വ്യക്തമാക്കുന്നു.

നിങ്ങളുടെ മൊബൈൽ ക്യാമറയിലൂടെ ആർക്കുവേണമെങ്കിലും നിങ്ങളെ രഹസ്യമായി വീക്ഷിക്കുവാൻ കഴിയും. കൂടാതെ അവർക്ക് വ്യക്തിഗത വിവരങ്ങൾ (data) മോഷ്ടിക്കുവാനും കഴിയും. ശരി, ഒരുപക്ഷേ നിങ്ങളുടെ ക്യാമറയോ മൈക്കോ നിങ്ങളുടെ അറിവില്ലാതെ ഉപയോഗിക്കുന്നു എന്ന് കരുതുക, അത് എങ്ങനെ കണ്ടെത്തണമെന്ന് നിങ്ങൾക്കറിയില്ലെങ്കിൽ ഈ ലേഖനം നിങ്ങൾക്ക് വളരെ സഹായകമായിരിക്കും.

നിങ്ങളുടെ മൊബൈൽ ഫോൺ ഒരിക്കൽ ഹാക്ക് ചെയ്യപ്പെട്ടാൽ, ഹാക്കറിന് എവിടെനിന്നും നിങ്ങളുടെ ക്യാമറ ഓണാക്കുവാനും ഓഫാക്കുവാനും കഴിയും. മൈക്രോഫോണിലൂടെ നിങ്ങളുടെ സംഭാഷണങ്ങൾ കേൾക്കുവാനും കഴിയും. ഫോട്ടോ അല്ലെങ്കിൽ വീഡിയോ റെക്കോർഡിംഗും ചെയ്യാം. അത്തരം കാര്യങ്ങൾ നിങ്ങളെ ശല്യപ്പെടുത്തുന്നതായി നിങ്ങൾ കരുതുന്നുവെങ്കിൽ, നിങ്ങളെ രഹസ്യമായി വീക്ഷിക്കുന്നതിൽ നിന്ന് നിങ്ങൾക്ക് അവരെ തടയുവാൻ സാധിക്കും.




നിങ്ങളുടെ ക്യാമറ ഓണാക്കുമ്പോഴെല്ലാം സെൽഫോണിന്റെ പുറകിലോ മുന്നിലോ ഉള്ള ലൈറ്റ് വ്യത്യസ്തമായി പ്രകാശിക്കും. അല്ലെങ്കിൽ ക്യാമറയുടെ പ്രവർത്തനങ്ങളിലൂടെ നിങ്ങൾക്ക് അറിയുവാൻ കഴിയും. ചില ആപ്പുകൾക്ക് ക്യാമറയുടെ അനുവാദം ആവശ്യമില്ലായിരിക്കാം. അതിനാൽ ക്രമീകരണങ്ങളിലേക്ക് പോയി അനാവശ്യമായ ആപ്പുകൾ ഒഴിവാക്കി മറ്റ് ആപ്പുകൾക്ക് CAMERA PERMISSION off ആക്കുക. ANDROID ഫോണിൽ SETTINGS - SECURITY AND PRIVACY - PERMISSION MANAGER - CAMERA എന്ന ഭാഗത്തേക്ക് പോയാൽ ഏതൊക്കെ ആപ്പുകളാണ് ക്യാമറ ഉപയോഗിക്കുന്നത് എന്നതിനെക്കുറിച്ചുള്ള വിവരങ്ങൾ അറിയുവാൻ കഴിയും, അതിൽ അനാവശ്യ ആപ്പുകൾക്കായി ക്യാമറ ഉപയോഗിക്കുന്നത് തടയാം. കൂടാതെ അനാവശ്യ ആപ്പുകൾ ഡൗൺലോഡ് ചെയ്യുന്നത് ഒഴിവാക്കണം.

നിലവിലുള്ള മൊബൈൽ ഫോണുകളിൽ നാം ക്യാമറയോ മൈക്കോ ഉപയോഗിക്കുമ്പോൾ ഡിസ്പ്ലേയുടെ ഒരു വശത്ത് പച്ച ലൈറ്റ് തെളിയുന്നു. അപ്പോൾ നിങ്ങളുടെ മൊബൈൽ ഫോണിന്റെ ക്യാമറയോ മൈക്കോ ഉപയോഗിക്കുന്നുണ്ടോ എന്നറിയുവാൻ കഴിയും. ഇതുവഴി നിങ്ങൾക്കറിയാത്ത സമയത്ത് നിങ്ങളുടെ മൊബൈൽ ഫോൺ ക്യാമറ ഉപയോഗിച്ചിട്ടുണ്ടോ എന്ന് എളുപ്പത്തിൽ കണ്ടെത്താനും അനാവശ്യ പ്രശ്നങ്ങൾ ഒഴിവാക്കുവാനും കഴിയും.

**പ്രിയപ്പെട്ട യൗവനക്കാരെ, ഒരുപക്ഷേ നിങ്ങളുടെ സെൽഫോണിലൂടെ ആരെങ്കിലും നിങ്ങളെ നിരീക്ഷിക്കുന്നുണ്ടെങ്കിലും ഇല്ലെങ്കിലും "യഹോവ ഒരു ദോഷവും തട്ടാതവണ്ണം നിന്നെ പരിപാലിക്കും" (സങ്കീ. 121:7) എന്ന തിരുവെഴുത്തനുസരിച്ച്, കർത്താവ് നിങ്ങളെ എല്ലാ അപകടങ്ങളിൽ നിന്നും തിന്മകളിൽ നിന്നും തീർച്ചയായും കാത്തുകൊള്ളും. എന്നാൽ പിശാചിന്റെ കെണികളിൽ വീഴാതിരിക്കുവാൻ നാം ശ്രദ്ധിക്കണം. OK സ്നേഹിതരെ! ഈ ലേഖനം നിങ്ങൾക്ക് ഉപയോഗപ്രദമായിരുന്നു എന്ന് പ്രതീക്ഷിക്കുന്നു. മറ്റൊരു TECH അപ്ഡേറ്റുമായി അടുത്ത മാസം വീണ്ടും കാണാം. കർത്താവ് നിങ്ങളെ അനുഗ്രഹിക്കുമാറാകട്ടെ.**

# പ്രാർത്ഥനാ ഡയറി



ഏപ്രിൽ 2024

1. കാൻസർ ബാധിച്ച് ഇന്ത്യയിൽ ഒരു വർഷത്തിൽ 9 ലക്ഷം പേർ മരണപ്പെടുന്നു. ഇനി ഒരു മരണവും ഉണ്ടാകാതിരിക്കുവാൻ കർത്താവിന്റെ സംരക്ഷണത്തിനായി പ്രാർത്ഥിക്കുവിൻ.

2. കാൻസർ ബാധിച്ച 14.1 ലക്ഷം പേർ സൗഖ്യം പ്രാപിക്കുവാനും, ഇനി ആർക്കും ഈ രോഗം ബാധിക്കാതിരിക്കുവാനും പ്രാർത്ഥിക്കുവിൻ.




3. കാൻസർ എന്ന ബാധ നമ്മുടെ രാജ്യത്തിൽ നിന്നും പൂർണ്ണമായും മാറിപ്പോകുവാനായി പ്രാർത്ഥിക്കുവിൻ.

4. കാൻസർ തടയുന്നതിനുള്ള വാക്സിനുകൾ കണ്ടുപിടിക്കുന്നതിനും ചികിത്സയിൽ കഴിയുന്നവർ വേഗത്തിൽ സൗഖ്യം പ്രാപിക്കുവാനും പ്രാർത്ഥിക്കുവിൻ.

5. രാജ്യത്തുടനീളം സ്ഥാപിക്കുവാൻ പോകുന്ന 10 ലക്ഷം പോളിംഗ് സ്റ്റേഷനുകളിലും ദൈവത്തിന്റെ ആധിപത്യം ഉണ്ടാകുവാനായി പ്രാർത്ഥിക്കുക.

6. ഇന്ത്യയിലെ 96 കോടി സമ്മതിദായകരും അവരവരുടെ മണ്ഡലങ്ങളിൽ ശരിയായ വ്യക്തിയെ തെരഞ്ഞെടുക്കാനായി പ്രാർത്ഥിക്കുവിൻ.

7. രാജ്യത്തുടനീളം ഉപയോഗിക്കുന്ന 30 ലക്ഷം ഇലക്ട്രോണിക് വോട്ടിംഗ് മെഷീനുകളിൽ യേശുവിന്റെ രക്തം തളിച്ച് പ്രാർത്ഥിക്കുവിൻ.

8. വോട്ടിംഗ് യന്ത്രങ്ങൾ വച്ചിരിക്കുന്ന സ്ഥലങ്ങളിൽ ദൈവത്തിന്റെ ആധിപത്യവും സംരക്ഷണവും ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

9. മാധ്യമങ്ങൾ തെറ്റായ വാർത്തകൾ നൽകി ജനങ്ങളെ ആശയക്കുഴപ്പത്തിലാക്കാതിരിക്കുവാൻ പ്രാർത്ഥിക്കുവിൻ.

10. കള്ളവോട്ട് തടയുവാൻ തെരഞ്ഞെടുപ്പ് കമ്മീഷനും പോലീസും ജാഗ്രതയോടെ പ്രവർത്തിക്കുവാനായി പ്രാർത്ഥിക്കുവിൻ.

11. ഇന്ത്യയിലുടനീളമുള്ള തെരഞ്ഞെടുപ്പ് പ്രചാരണങ്ങൾ സമാധാനപരമായിരിക്കുവാനായി പ്രാർത്ഥിക്കുവിൻ.

12. എൻഫോഴ്സ്മെന്റ് ഡിപ്പാർട്ട്മെന്റിൽ (E.D) ജോലി ചെയ്യുന്ന 2100 ജീവനക്കാർക്കിടയിൽ കർത്താവിന്റെ ആധിപത്യം ഉണ്ടാകുവാനായി പ്രാർത്ഥിക്കുവിൻ.

13. എൻഫോഴ്സ്മെന്റ് ഡിപ്പാർട്ട്മെന്റിൽ ജോലി ചെയ്യുന്ന എല്ലാ ജീവനക്കാരും സത്യസന്ധതയോടെ പ്രവർത്തിക്കുവാനായി പ്രാർത്ഥിക്കുവിൻ.



14. ഇന്ത്യയുടെ സമ്പദ് വ്യവസ്ഥ അനുഗ്രഹിക്കപ്പെടാനായി പ്രാർത്ഥിക്കുവിൻ.

15. തൊഴിൽ രഹിതരായ ബിരുദധാരികൾക്ക് തൊഴിലവസരങ്ങൾ ലഭിക്കുവാനായി പ്രാർത്ഥിക്കുവിൻ.

16. ഇന്ത്യയിലുള്ള പാവപ്പെട്ട - ദരിദ്രരായ ജനങ്ങളുടെ ജീവിതം അനുഗ്രഹിക്കപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

17. സഭകൾ തിരുവെഴുത്തുകൾ അനുസരിച്ച് നടക്കുവാനും, സ്നേഹവും, ദയയും, ശക്തിയും ധരിക്കുവാനുമായി പ്രാർത്ഥിക്കുവിൻ.

18. ദേവാലയങ്ങൾക്കെതിരെ ഉയരുന്ന ശത്രുക്കളുടെ ശക്തികൾ നശിച്ച് പോകുവാനും, ദേവാലങ്ങൾ സംരക്ഷിക്കപ്പെടാനുമായി പ്രാർത്ഥിക്കുവിൻ.

19. ഉണർവിൽ 5 തരം ശുശ്രൂഷകരെ കർത്താവ് ശക്തമായി ഉപയോഗപ്പെടുത്തുവാനായി പ്രാർത്ഥിക്കുവിൻ.

20. സഭകളിൽ കാണപ്പെടുന്ന പാരമ്പര്യങ്ങൾ, ജാതി, സ്ത്രീധന പാപങ്ങൾ പൂർണ്ണമായും ഇല്ലാതാകുവാനായി പ്രാർത്ഥിക്കുവിൻ.

21. എല്ലാ സഭകളിലും ഉണർവിനും, രാജ്യത്തിനുംവേണ്ടി പ്രാർത്ഥിക്കുവാൻ പ്രാർത്ഥനയുടെ ആത്മാവ് പകരപ്പെടുവാനായി പ്രാർത്ഥിക്കുവിൻ.

22. തെറ്റായ ഉപദേശങ്ങൾ നൽകി വിശ്വാസികളെ കബളിപ്പിക്കാൻ ശ്രമിക്കുന്ന സാത്താന്റെ കുതന്ത്രങ്ങൾ നശിച്ചുപോകാൻ പ്രാർത്ഥിക്കുവിൻ.



23. പരീക്ഷ എഴുതി ഫലത്തിനായി കാത്തിരിക്കുന്ന എല്ലാ വിദ്യാർത്ഥികളുടെയും സ്വപ്നങ്ങൾ സാക്ഷാത്കരിക്കുന്നതിനായി പ്രാർത്ഥിക്കുവിൻ.

24. വിദ്യാർത്ഥികളെ ആത്മഹത്യയിലേക്ക് നയിക്കുന്ന ആത്മഹത്യയുടെ ആത്മാവ് ബന്ധിക്കപ്പെടുവാനായി പ്രാർത്ഥിക്കുക.



25. വിദ്യാർത്ഥികളിൽ അമിതമായ പ്രതീക്ഷകൾ വയ്ക്കുകയും, അവരെ സമ്മർദ്ദത്തിലാക്കുകയും ചെയ്യുന്ന രക്ഷിതാക്കളുടെ ചിന്താഗതിയിൽ മാറ്റമുണ്ടാകുവാൻ പ്രാർത്ഥിക്കുവിൻ.

26. ഇന്ത്യയിൽ വർദ്ധിച്ചുവരുന്ന കൊലപാതക കുറ്റകൃത്യങ്ങൾ തടയപ്പെടുവാൻ പ്രാർത്ഥിക്കുവിൻ.

27. കൊല ചെയ്യണമെന്ന ചിന്തയോടെ ഇരിക്കുന്നവർ വിടുതൽ പ്രാപിക്കുവാനും, രക്ഷിക്കപ്പെടുവാനുമായി പ്രാർത്ഥിക്കുവിൻ.

28. വിദ്യാർത്ഥികളെ നശിപ്പിക്കുന്ന പാപകരമായ ആസക്തികൾ പൂർണ്ണമായും ഇല്ലാതാകുവാനും, പാപത്തെ പ്രോത്സാഹിപ്പിക്കുന്ന അശുദ്ധാത്മാക്കൾ ബന്ധിക്കപ്പെടാനും പ്രാർത്ഥിക്കുവിൻ.

29. ഇന്ത്യയിലെ കർഷകരുടെ സംരക്ഷണത്തിനും കൃഷിഭൂമികളുടെ അനുഗ്രഹത്തിനും വേണ്ടി പ്രാർത്ഥിക്കുവിൻ.

30. കർഷകരുടെ ഉപജീവനമാർഗം വർദ്ധിക്കുവാനും, അവരുടെ ആവശ്യങ്ങൾ സർക്കാർ നിറവേറ്റിക്കൊടുക്കുവാനും കർഷക ആത്മഹത്യകൾ തടുക്കപ്പെടുവാനും പ്രാർത്ഥിക്കുവിൻ.



# വീരനായ തിമൊഥെയൊസ്!

ഭാഗം - 3






Hello സ്നേഹിതരെ! യേശുക്രിസ്തുവിന്റെ നിസ്തുല്യനാമത്തിൽ നിങ്ങൾക്ക് എന്റെ സ്നേഹാശംസകൾ. ഈ നോമ്പ് ദിവസങ്ങൾ എങ്ങനെ കഴിഞ്ഞുപോയി? ഈ 40 ദിവസങ്ങളും കർത്താവിനായി ചില കാര്യങ്ങൾ ഉപേക്ഷിക്കുവാനും, നമ്മുടെ ആത്മീയ മനുഷ്യന്റെ വളർച്ചയ്ക്കായി ഉപവസിക്കുവാനും, നമ്മുടെ കർത്താവായ യേശുക്രിസ്തു ക്രൂശിൽ അനുഭവിച്ച കഷ്ടപ്പാടുകൾ ധ്യാനിക്കുവാനും സമർപ്പിക്കുവിൻ. ഈ 40 ദിവസങ്ങളിൽ അവസാനിപ്പിക്കാതെ നമ്മുടെ ജീവിതത്തിലുടനീളം തുടരുകയാണെങ്കിൽ ആത്മീയ ലോകത്തിൽ വലിയ മാറ്റങ്ങളുണ്ടാക്കുവാൻ നമുക്ക് കഴിയും.

അങ്ങനെയൊരു മാറ്റമുണ്ടാക്കിയ വീരനായ യുവാവായ തിമൊഥെയൊസിനെയാണ് നാം തുടർന്നും കാണുവാൻ പോകുന്നത്. കഴിഞ്ഞ മാസത്തെ പംക്തിയിൽ തിമൊഥിയൊസിന്റെ ശിഷ്യത്വവും, അവന്റെ സാക്ഷ്യവും പരിശോധിച്ചു. ഈ മാസം നാം അവനെക്കുറിച്ച് എന്താണ് അറിയുവാൻ പോകുന്നതെന്ന് ഊഹിക്കാമോ? Okay, വരൂ Friends പംക്തിയിലേക്ക് കടക്കാം.

## ശുശ്രൂഷാ വിളി

ശുശ്രൂഷയ്ക്കായി ലുസ്ത്രയിലെത്തിയ പൗലൊസ് തിമൊഥിയൊസിന്റെ നല്ല സാക്ഷ്യവും വിശ്വാസവും കണ്ട് അവനെയും തന്നോടുകൂടെ ശുശ്രൂഷയ്ക്ക് കൊണ്ടുപോകുവാൻ ആഗ്രഹിച്ചു (അപ്പൊ. പ്രവ. 16:3). പൗലൊസ് അത് തിമൊഥിയൊസിനെ അറിയിച്ചപ്പോൾ തിമൊഥിയൊസിന്റെ പ്രതികരണം എന്തായിരുന്നിരിക്കും?

തിമൊഥിയൊസിന് പൗലൊസിന്റെ ശുശ്രൂഷയെക്കുറിച്ച് നന്നായി അറിയാമായിരുന്നു. അത്രേ ഉള്ളോ! പൗലൊസ് ആദ്യമായി ലുസ്ത്രയിൽ സുവിശേഷപ്രഘോഷണം നടത്തിയപ്പോൾ, തന്റെ നാട്ടുകാർ അദ്ദേഹത്തെ കല്ലെറിയുന്നത് കണ്ടിരുന്നു. സാഹചര്യം അങ്ങനെയിരിക്കുമ്പോൾ കഷ്ടങ്ങൾ നിറഞ്ഞ പാതയിലൂടെ പോകുവാനായിരുന്നോ ആ യുവാവിന്റെ തീരുമാനം? ഒരുപക്ഷേ ഇതെല്ലാം മനസ്സിൽ വച്ച് അവൻ മടിച്ചിരുന്നുവോ? അങ്ങനെയല്ല. തന്നോടൊപ്പം ശുശ്രൂഷയ്ക്ക് തിമൊഥിയൊസിനെ ക്ഷണിച്ചപ്പോൾ, തന്നെ





രക്ഷിച്ച മഹാനെ ശുശ്രൂഷിക്കുവാൻ ആ യുവാവിന്റെ ഹൃദയം ആവേശഭരിതമായിരുന്നു. വീടും നാടും രക്ഷിതാക്കളെയും എല്ലാം ഉപേക്ഷിച്ച് ഒരു മടിയും കൂടാതെ ശുശ്രൂഷയ്ക്ക് പോകുവാൻ സമ്മതം നൽകിയ ഇരുപത് വയസ്സുള്ള യുവാവ്.

തിമൊഥിയൊസിന്റെ പിതാവ് യവനനാണെന്ന് അവിടെയുള്ള എല്ലാ യഹൂദന്മാർക്കും അറിയാമായിരുന്നതിനാൽ, ഇത് തന്റെ ശുശ്രൂഷയ്ക്ക് ഇടർച്ചയുണ്ടാക്കുമെന്ന് പൗലൊസ് കരുതി, പൗലൊസ് തിമൊഥിയൊസിനെ പരിച്ഛേദന കഴിപ്പിച്ചു (അപ്പൊ. പ്ര. 16:3). പിന്നീട് പൗലൊസും ലുസ്ത്രയിലെ മൂപ്പന്മാരും തിമൊഥിയൊസിനെ സുവിശേഷവേലയ്ക്കായി മിഷനറിയായി സമർപ്പിച്ചു. തിമൊഥിയൊസ് തന്റെ വീട്ടുകാരെയും സഭയെയും വിട്ട് പൗലൊസിനൊപ്പം തന്റെ ശുശ്രൂഷാ മേഖലയിലേക്ക് യാത്ര തിരിച്ചു. തിമൊഥിയൊസ് അപ്പൊസ്തലനായ പൗലൊസിന്റെ സംഘത്തിൽ ചേർന്നശേഷം ഫ്രുഗ്യയിലും ഗലാത്യദേശത്തിലും സഞ്ചരിച്ച് ജനങ്ങളോട് സുവിശേഷം അറിയിച്ചശേഷം അവർ ത്രോവാസിൽ എത്തി.

വൈദ്യനായ ലൂക്കോസും ഇവിടെ അദ്ദേഹത്തോടൊപ്പം ചേർന്നു. അവർ പോകുന്നിടത്തെല്ലാം സഭകൾ വിശ്വാസത്തിൽ ഉറയ്ക്കയും ദിവസേന എണ്ണത്തിൽ പെരുകുകയും ചെയ്തു (അപ്പൊ. പ്ര. 16:5). സഭകളിലെ അത്തരം ആത്മീയ മാറ്റങ്ങൾ കണ്ടപ്പോൾ തിമൊഥിയൊസിന്റെ ഹൃദയം സന്തോഷത്താൽ നിറഞ്ഞു.



പ്രിയപ്പെട്ട എന്റെ യൗവന സ്നേഹിതരെ, ഒരുപക്ഷേ കർത്താവ് നമ്മെ ശുശ്രൂഷയ്ക്ക് വിളിച്ചാൽ നമ്മുടെ പ്രതികരണം എന്തായിരിക്കും? തീഷ്ണതയുള്ള ഈ യൗവനക്കാരനായ തിമൊഥിയൊസിനെപ്പോലെ, ഉടൻതന്നെ എല്ലാം ഉപേക്ഷിച്ച് ദൈവവിളിയിലേക്ക് വീരോചിതമായി ഒരു ചുവടുവെയ്പ്പ് നടത്താൻ നിങ്ങൾ തയാറാണോ? മുഴുവൻ സമയ ശുശ്രൂഷ ചെയ്തുകൊണ്ട് മാത്രം യേശുവിനെ പ്രസംഗിക്കാനുള്ള ബാധ്യത കർത്താവ് നമ്മുടെ മുമ്പിൽ വച്ചിട്ടില്ല. നാം താമസിക്കുന്ന സ്ഥലത്തും പഠിക്കുന്നിടത്തും ജോലി ചെയ്യുന്ന സ്ഥലത്തും നമുക്ക് സുവിശേഷകനാകാം. എന്നാൽ യേശുവിനെക്കുറിച്ച് നമ്മൾ സംസാരിച്ചാൽ മറ്റുള്ളവർ നമ്മെക്കുറിച്ച് എന്ത് വിചാരിക്കും എന്നതിനെക്കുറിച്ച് നാം ആകുലപ്പെടേണ്ടതില്ല! സ്വതവേ ഭീരുവായിരുന്ന തിമൊഥിയൊസ് യാതൊരു കഷ്ടപ്പാടിനെയും ഭയപ്പെടാതെയും, സ്വയം സമർപ്പിക്കുകയും ചെയ്തു. തന്റെ ആദ്യത്തെ ശുശ്രൂഷയുടെ ഫലമായി സഭകൾ വിശ്വാസത്തിൽ വളരുന്നത് കാണുവാനിടയായി. ഇന്നും സഭകളിൽ അത്തരം ആത്മീയ മാറ്റങ്ങൾ കൊണ്ടുവരാൻ കർത്താവിന്റെ ദൃഷ്ടി നിങ്ങളുടെ മേൽ ഇരിക്കുന്നു. സഭകളും നിങ്ങൾക്കായി കാത്തിരിക്കുന്നു. വരുവിൻ എഴുന്നേൽക്കാം ....! നമുക്ക് അത് ചെയ്യാം ...!

- വീരയുഗം തുടരും ...




# ട്രെയിൻ യാത്ര

ചെന്നൈ നുങ്കമ്പാക്കം റെയിൽവേ സ്റ്റേഷൻ....



വിഘ്നേഷും ആൻഡ്രുവും സംസാരിച്ചുകൊണ്ട് ട്രെയിനിൽ കയറി. ആൻഡ്രുവിന്റെ മൊബൈൽ ഫോണിലേക്ക് ഒരേ നമ്പരിൽ നിന്ന് കോളുകൾ വന്നുകൊണ്ടിരുന്നു.
ആൻഡ്രു കോൾ എടുക്കാതെ കട്ട് ചെയ്യുന്നത് വിഘ്നേഷ് കണ്ടു ...

**വിഘ്നേഷ്:** ആൻഡ്രൂ .... ആ ഫോൺ എടുക്കടാ, എത്ര നേരമായി റിംഗ് ചെയ്യുന്നു?

**ആൻഡ്രു:** ഹേയ് .... അതൊരു പ്രമോഷണൽ കോൾ ആണ്. തെരഞ്ഞെടുപ്പ് വരുമ്പോൾ എല്ലാ പാർട്ടികളിൽ നിന്നും വോട്ടിനായി automated call വന്നുകൊണ്ടേയിരിക്കും.

**വിഘ്നേഷ്:** ഈ വർഷം തെരഞ്ഞെടുപ്പ് ഉണ്ടല്ലേ.....! മറന്നുപോയല്ലോ. ഈ വർഷം തെരഞ്ഞെടുപ്പിന് നാട്ടിലേക്ക് പോകണം

**ആൻഡ്രൂ:** നിനക്ക് ചെന്നൈയിൽ തന്നെ വോട്ടുണ്ടല്ലോ ... നീ എന്തിനാണ് നാട്ടിലേക്ക് പോകുന്നത്?

**വിഘ്നേഷ്:** ഞാൻ ഇപ്പോൾ വോട്ട് ചെയ്യാൻ പോകുന്നുവെന്ന് നിന്നോട് പറഞ്ഞോ! ജോലിയിൽ വളരെ stress ആയിരിക്കുന്നു, അതുകൊണ്ടാണ് ലീവെടുത്ത് എവിടെയെങ്കിലും പോകാമെന്ന് പ്ലാൻ ചെയ്തത്. വെള്ളിയാഴ്ചയോ തിങ്കളാഴ്ചയോ തെരഞ്ഞെടുപ്പ് വന്നാൽ കൊള്ളാം, 3 ദിവസം തുടർച്ചയായി അവധി കിട്ടും.

**ആൻഡ്രൂ** (ദേഷ്യത്തോടും വെറുപ്പോടും): വിഘ്നേഷ് ... വോട്ട് ചെയ്യുക എന്നത് നമ്മുടെ കടമയാണ്. എല്ലാ പൗരന്മാരും വോട്ട് ചെയ്യേണ്ടത് പ്രധാനമാണ്. നീ വോട്ട് ചെയ്തില്ലെങ്കിൽ ആ വോട്ട് പാഴായി പോകുമല്ലോ?

**വിഘ്നേഷ്:** അതെ, ഞാൻ ഒരാൾ വോട്ട് ചെയ്യുന്നില്ലെങ്കിൽ എന്ത് മാറ്റമാണ് ഉണ്ടാകുവാൻ പോകുന്നത്, ഏത് പാർട്ടി വന്നാലും നമുക്ക് നല്ലത് ചെയ്യും . അയ്യോ, ഞാനൊരു പ്ലാൻ ചെയ്തിട്ടുണ്ട്, നീയും വരുന്നെങ്കിൽ വരൂ.

**ആൻഡ്രൂ:** അങ്ങനെയല്ല വിഘ്നേഷ്, ഏത് പാർട്ടി അധികാരത്തിൽ വന്നാലും ഇല്ലെങ്കിലും, അവർ നല്ലത് ചെയ്താലും ഇല്ലെങ്കിലും അത് രണ്ടാമത്തെ



കാര്യമാണ്. എന്നാൽ, വോട്ട് ചെയ്താൽ മാത്രമേ ചോദ്യം ചെയ്യുവാൻ നാം യോഗ്യരാകുകയുള്ളൂ.

**വിഘ്നേഷ്:** നമ്മുടെ വീടിന്റെ അടുത്ത് പോലും പണം വാങ്ങി വോട്ട് ചെയ്യാറുണ്ട്. അതുകൊണ്ട് വോട്ട് ചെയ്യാതിരിക്കുന്നതാണ് നല്ലത്.

**ആൻഡ്രൂ:** വോട്ടിന് കൈക്കൂലി വാങ്ങുന്നത് തെറ്റാണ്. അതുപോലെ ചെയ്യുവാൻ അവകാശം ഉണ്ടായിരുന്നിട്ടും വോട്ട് ചെയ്യാതിരിക്കുന്നതും തെറ്റാണ്. സാധാരണക്കാരായ നമുക്കുള്ള ഏറ്റവും വലിയ ഉത്തരവാദിത്തവും ചുമതലയുമാണ് ഈ തെരഞ്ഞെടുപ്പ്. നാം വോട്ട് ചെയ്യാതിരുന്നാൽ, നാം തന്നെ നമ്മുടെ രാജ്യത്തെ ദ്രോഹിക്കുന്നു എന്നർത്ഥം.

**വിഘ്നേഷ്** (പരിഹാസത്തോടെ): ആൻഡ്രൂ, നീ തെരഞ്ഞെടുപ്പ് കമ്മീഷനിൽ ഇരിക്കേണ്ട ആളാണ്. പക്ഷേ, നീ അറിയാതെ ഇവിടെ ഇരിക്കുന്നു. 2 മിനിറ്റിനുള്ളിൽ എന്നെ രാജ്യദ്രോഹിയുടെ നിലയിൽ എത്തിച്ചുവല്ലേ!

**ആൻഡ്രൂ** (ചിരിച്ചുകൊണ്ട്): നിന്നെ ശരിയാക്കാൻ എനിക്ക് വേറെ വഴി അറിയില്ല!

**വിഘ്നേഷ്:** ശരി, നീ ആർക്കാണ് വോട്ട് ചെയ്യുവാൻ പോകുന്നത്?

**ആൻഡ്രൂ:** ഇത് വളരെ ലളിതമാണ്, ആദ്യം ഞാൻ പ്രാർത്ഥിക്കും, നമ്മുടെ മണ്ഡലത്തിൽ മത്സരിക്കുന്ന സ്ഥാനാർത്ഥികൾക്ക് ക്രിമിനൽ പശ്ചാത്തലമുണ്ടോ, ജനങ്ങൾക്കിടയിൽ നല്ല



പേരുണ്ടോ എന്ന് പരിശോധിച്ചിട്ട് യോഗ്യനായ ഒരു സ്ഥാനാർത്ഥിക്ക് വോട്ട് ചെയ്യും.

**വിഘ്നേഷ്:** നീ ഇതിനുവേണ്ടി ഇത്രയും ഗവേഷണം നടത്തിയോ? ശരി, ഇത്തവണ ഞാനും നീ പറഞ്ഞതുപോലെ ശ്രമിക്കാം.

**ആൻഡ്രൂ:** വേദപുസ്തകത്തിൽ പോലും യേശു പറഞ്ഞിരിക്കുന്ന .... ചില വചനങ്ങൾ പറയുവാൻ തുടങ്ങിയപ്പോൾ,

**വിഘ്നേഷ്:** (mind your words) അയ്യോ! വേദപുസ്തകത്തിലെ ഭാഗത്തെക്കുറിച്ച് പറയുവാൻ തുടങ്ങിയപ്പോഴേ ... എങ്ങനെ രക്ഷപ്പെടും എന്ന് ആലോചിച്ചുകൊണ്ടിരുന്നു, അപ്പോൾ അവന് ഇറങ്ങേണ്ട സ്ഥലം എത്തി ... അങ്ങനെ ആൻഡ്രൂവിൽ നിന്ന് രക്ഷപ്പെട്ടു.

**ആൻഡ്രൂ:** (mind your words) ഇന്ന് വേണമെങ്കിൽ രക്ഷപ്പെടാം. എന്തായാലും ഒരു ദിവസം നീ തന്നെ യേശുവിനെ തേടി വരും എന്ന് മനസ്സിൽ പറഞ്ഞുകൊണ്ട് സ്നേഹിതനോട് യാത്ര പറഞ്ഞു.

അവരുടെ സംഭാഷണം തുടരും ...


## ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!

*യേശു വിടുവിക്കുന്നു*

**ലോക ഉണർവ് പ്രാർത്ഥനാ കേന്ദ്രങ്ങൾ!**

| Trivandrum | Kochi | Kottayam |
|---|---|---|
| TC-14/386, Panchapura Jn., Extra Police Road, Palayam, Trivandrum - 695 033. Kerala State. | Chandrasseri House, Madaplathuroth, Moothakunnam - 683 516, Kochi, Kerala State. | 2nd Floor, Aswathy Tower, Thekkumgopuram - 686 001, Kottayam, Kerala State. |
| Office Time 9:30 A.M. - 5:30 P.M. | Office Time 9:30 A.M. - 5:00 P.M. | Office Time 10:00 A.M. - 6:00 P.M. |
| Ph: 92497 18266, 0471-233 1392. | Mob: 94966 53183 | Mob: 94967 44001, 99463 00001. |



**ദേശത്തിനു വേണ്ടി പ്രാർത്ഥിക്കുവാൻ വരുവിൻ... കർത്താവ് നിങ്ങളുടെ ഭാരങ്ങൾ മാറ്റും!**

തിരുവനന്തപുരം, കൊച്ചി, കോട്ടയം ശാഖാ കാര്യാലയത്തിൽ മാസത്തിന്റെ ആദ്യത്തെ ചൊവ്വാഴ്ച തിറപ്പിൻ വാസൽ ഉപവാസ പ്രാർത്ഥനയും, മറ്റുള്ള ചൊവ്വാഴ്ചകളിൽ ഉപവാസ പ്രാർത്ഥനയും ഉണ്ടായിരിക്കും. ദൈവമക്കൾ കടന്നുവന്നു വിടുതൽ പ്രാപിക്കുവിൻ.




**കഴിഞ്ഞ ലക്കത്തിൽ ലോത്തിന്റെ ജീവിതകഥയിലൂടെ സ്വയം അറിഞ്ഞതും അതിന്റെ അനന്തരഫലങ്ങളെക്കുറിച്ചും നാം ധ്യാനിച്ചു. മറ്റൊരു ഉദാഹരണമാണ് ശിംശോൻ, അവന്റെ സ്വയം തീരുമാനങ്ങളും അതിന്റെ അനന്തരഫലങ്ങളുമാണ് (ന്യായാ. 13 -16) ഇന്ന് ധ്യാനിക്കുവാൻ പോകുന്നത്.**



യിസ്രായേലിലെ ന്യായാധിപന്മാരിൽ ഒരാളായിരുന്നു ശിംശോൻ. അവന്റെ ജനനം ഒരു ദൂതൻ മുഖാന്തരം പ്രത്യേകമായി പ്രവചിച്ചിരുന്നു. ഗർഭം മുതൽ ജീവപര്യന്തം ദൈവത്തിനു നാസീരായിരിക്കും. യിസ്രായേലിനെ ഫെലിസ്യരുടെ കൈയിൽ നിന്നും രക്ഷിക്കാൻ ദൈവഹിതത്തിനുവേണ്ടി ജനിച്ചവൻ. എന്നാൽ ശിംശോനോ തന്റെ ജനനത്തിന്റെ ഉദ്ദേശ്യത്തെക്കുറിച്ചും അതിന്റെ മഹത്വത്തെക്കുറിച്ചും ചിന്തിച്ചിരുന്നില്ല, ആരെ നശിപ്പിക്കുവാൻ സൃഷ്ടിക്കപ്പെട്ടുവോ, അതേ ഫെലിസ്ത്യരിൽ ഒരു സ്ത്രീയെ ഭാര്യയായി സ്വീകരിക്കണമെന്ന് പറഞ്ഞു.

ശിംശോന്റെ അമ്മയും അച്ഛനും അഗ്രചർമികളായ ഫെലിസ്ത്യരിൽ നിന്ന് ഒരു സ്ത്രീയെ എടുക്കണമോ? നമ്മുടെ സമുദായത്തിൽ സ്ത്രീകൾ ഇല്ലയോ? എന്ന് അവർ ചോദിച്ചു. ശിംശോനോ തന്റെ തീരുമാനത്തിൽ മാറ്റം വരുത്തിയില്ല. ദൈവഹിതത്തിനും മാതാപിതാക്കളുടെ ഇഷ്ടത്തിനും വിരുദ്ധമായി, അവൻ തന്റെ ശരീരഭാഗമായ 'കണ്ണി'ന് അതായത് സ്വയത്തിന് പ്രാധാന്യം നൽകി അവൻ ഫെലിസ്ത്യരുടെ ദേശത്തിലേക്ക് പോയി. ഒന്നോ? രണ്ടോ? അനേകം പ്രശ്നങ്ങളും ആശയക്കുഴപ്പങ്ങളും നേരിടേണ്ടിവന്നു.

അവന്റെ സ്വന്തം പ്രവൃത്തി അവന് വിരോധമായി. 30 കൊലപാതകങ്ങൾ ചെയ്യിച്ചു. ക്ഷോഭം, ദേഷ്യം, പ്രതികാരം, സമാധാനമില്ലായ്മ, എന്നിങ്ങനെ പലതും അവന്റെ സ്വസ്ഥത അപഹരിച്ചു. ആഗ്രഹിച്ച സ്ത്രീയെയും നേടുവാൻ കഴിഞ്ഞില്ല. പ്രണയവും പരാജയപ്പെട്ടു, ശരി സൗഹൃദം ആശ്വാസകരമായിരിക്കും എന്നു ചിന്തിച്ചാൽ അതുമില്ല. സ്ത്രീയുടെ സൗഹൃദം നിമിത്തം ശത്രുക്കളുടെ കൈയിൽ അകപ്പെട്ട് കണ്ണുകൾ നഷ്ടമാകുവാൻ ഇടയായി.



ഒന്ന് ചിന്തിച്ചുനോക്കൂ. ഫെലിസ്ത്യർ ശിംശോന് വേദനിക്കുവാൻ പാടില്ല എന്നു കരുതി കുത്തിവയ്ച്ച് മയക്കിയാണോ കണ്ണുകൾ ചൂഴ്ന്നെടുത്തത്? ഫെലിസ്ത്യ ശത്രുക്കൾ, ശിംശോൻ നിമിത്തം അനേകം നാശങ്ങൾ നേരിട്ടതിന്റെ ക്രോധത്താൽ വേദനിപ്പിച്ച് വേദനിപ്പിച്ചല്ലേ അവന്റെ കണ്ണുകൾ കുത്തിപ്പൊട്ടിച്ചത്? "അപ്പനെ പരിഹസിക്കയും അമ്മയെ അനുസരിക്കാതിരിക്കയും ചെയ്യുന്ന കണ്ണിനെ തോട്ടരികത്തെ കാക്ക കൊത്തിപ്പറിക്കയും കഴുകിൻകുഞ്ഞുങ്ങൾ തിന്നുകയും ചെയ്യും (സദൃ. 30:17)" എന്നതുപോലെ, അവൻ സ്വന്തം കണ്ണുകൾക്ക് പ്രാധാന്യം നൽകി ദൈവഹിതത്തിന് വിരുദ്ധമായി മാതാപിതാക്കളുടെ ഉപദേശം അവഗണിച്ച് പ്രവർത്തിച്ചതിനാൽ അതേ കണ്ണുകൾ ക്രൂരമായി കുത്തിപ്പൊട്ടിച്ചെടുക്കപ്പെടുകയും, ഏതെങ്കിലും പക്ഷിക്കോ, മൃഗത്തിനോ ഭക്ഷണമായി മാറ്റുകയും ചെയ്തു. എന്തൊരു കഷ്ടം.

ശിംശോൻ, പിന്നീട് അനുതപിച്ച്, തകർന്ന ഹൃദയത്തോടെ കർത്താവിനോട് അപേക്ഷിച്ച്, നഷ്ടപ്പെട്ട ശക്തി വീണ്ടെടുത്തു. അവൻ തന്റെ സർവ്വ ശക്തിയും ഉപയോഗിച്ച് ഫെലിസ്ത്യർ ഒരുമിച്ചുകൂടിയിരുന്ന ക്ഷേത്രത്തിന്റെ തൂണുകൾ കുലുക്കി, ജീവകാലത്തു അവൻ കൊന്നവരെക്കാൾ അധികമായി കൊന്നു എന്ന് പറയത്തക്കവണ്ണം അനേകം ഫെലിസ്ത്യരെ കൊന്ന്, തൂണുകൾക്കിടയിൽ നിന്നിരുന്ന താനും അവരോടുകൂടെ മരണപ്പെട്ടു. നന്നായി ശ്രദ്ധിക്കുവിൻ, ശിംശോനെ സൃഷ്ടിച്ചതിന്റെ ഉദ്ദേശ്യം ഇവിടെ കർത്താവിനാൽ നിറവേറ്റപ്പെട്ടിരിക്കുന്നു. ശിംശോന്റെ മാനസാന്തരത്തിനാൽ പിന്നീട് അവന്റെ പേരും വിശ്വാസവീരന്മാരുടെ പട്ടികയിൽ സ്ഥാനംനേടി (എബ്രായർ 11).

എന്നാൽ ശിംശോൻ ഭാര്യയെയോ യാതൊരു നന്മയോ നേടിയതുമില്ല. തലമുറയുടെ അനുഗ്രഹം പ്രാപിച്ചില്ല. ഒരുപക്ഷേ ശിംശോൻ കർത്താവിനെ ഭയപ്പെടുകയും, മാതാപിതാക്കളെ അനുസരിക്കുകയും ദൈവജനമായ യിസ്രായേലിൽ നിന്ന് ജീവിതപങ്കാളിയെ കണ്ടെത്തുകയും ചെയ്തിരുന്നുവെങ്കിൽ, ശിംശോന്റെ കാലത്തെ ന്യായാധിപന്മാരെപ്പോലെ മുപ്പതോ, അറുപതോ കുട്ടി ശിംശോന്മാർ ശിംശോന് ജനിച്ചിരുന്നിരിക്കും. ധാരാളം കൊച്ചു കൊച്ചു ബലവാന്മാരാൽ യിസ്രായേല്യർ തങ്ങളുടെ ശത്രുക്കളുടെ നടുവിൽ എത്ര ധൈര്യത്തോടെ സുഖമായി ജീവിക്കുമായിരുന്നു? ഇങ്ങനെ എത്രയെത്ര നാശങ്ങൾ ...

## ശിംശോന്റെ സ്വന്തം തീരുമാനങ്ങളുടെ അനന്തരഫലങ്ങൾ

1. യൗവനത്തിൽ ഭാര്യയോടുകൂടെ സന്തോഷമായിരിക്കേണ്ടിയിരുന്നവൻ ചെറുപ്പത്തിൽ തന്നെ അകാലമരണം പ്രാപിച്ചു.

2. മഹാവീരനായി നടന്നവൻ ശത്രുക്കൾക്ക് മാവ് അരച്ചുകൊണ്ടിരുന്നു.

3. കാഴ്ചക്കാരെ ഭ്രമിപ്പിച്ചുകൊണ്ട് കഴുതയുടെ താടിയെല്ല് കൊണ്ട് ആയിരം പേരെ കൊന്നവൻ, ശത്രുവിനെ രസിപ്പിക്കാൻ അന്ധനും കോമാളിയുമായ കാഴ്ചക്കാരനായിമാറി.

4. ഭാര്യയായി തെരഞ്ഞെടുത്തവളെയും അവളുടെ പിതാവിനെയും അഗ്നിയിൽ ദഹിപ്പിച്ചു.

5. 30 കൊലപാതകങ്ങൾ, 300 കുറുക്കന്മാരെ പിടിച്ച് വാലോടുവാൽ ചേർത്ത് പന്തം കെട്ടി തീകൊളുത്തിവിട്ടു.

6. 6. ഫെലിസ്ത്യരാൽ തകർക്കപ്പെട്ടു.

എത്ര പ്രതികൂല സാഹചര്യങ്ങൾ ...

പ്രിയപ്പെട്ടവരെ, സ്വയ തീരുമാനങ്ങൾ ആവശ്യമാണോ? ചിന്തിക്കുവിൻ!

( ദൈവഹിതപ്രകാരമുള്ള തിരഞ്ഞെടുപ്പും അതു മുഖാന്തരം ഉണ്ടാകുന്ന അനുഗ്രഹങ്ങളോടുകൂടെ NISUIN BERIYTH തുടരും).

# കർത്താവിൽ വിശ്വാസം അർപ്പിച്ചവർ .....



## അബ്രഹാം

അബ്രഹാമിന്റെ ശരീരം മരിക്കുകയും സാറായുടെ ഗർഭം നിർജീവമാവുകയും ചെയ്തിട്ടും അബ്രഹാം തന്റെ വിശ്വാസത്തിൽ ഉറച്ചുനിന്നു. 'താൻ ബഹുജാതികൾക്കു പിതാവാകും' എന്ന് വിശ്വസിക്കുവാൻ കാരണമില്ലാതിരുന്നിട്ടും അദ്ദേഹം അത് വിശ്വസിച്ചു (റോമർ 4:18). അബ്രഹാം 25 വർഷം വിശ്വാസത്തോടെ കാത്തിരുന്നു, കർത്താവിൽ നിന്ന് അനുഗ്രഹം പ്രാപിക്കുക മാത്രമല്ല, വേദപുസ്തക ചരിത്രത്തിൽ നീങ്ങിപ്പോകാത്ത സ്ഥാനം നേടുകയും ചെയ്തു.



## ഹിസ്കീയാവ്

"അവൻ യിസ്രായേലിന്റെ ദൈവമായ യഹോവയിൽ ആശ്രയിച്ചു. അവനു മുമ്പും പിമ്പും ഉണ്ടായിരുന്ന സകല യെഹൂദാരാജാക്കന്മാരിലും ആരും അവനോടു തുല്യനായിരുന്നില്ല" (2 രാജാ. 18:5). അശ്ശൂർ രാജാവ് തന്റെ സേനാപതിയായ റബ്-ശാക്കേ മുഖാന്തരം 'നീ ആശ്രയിച്ചിരിക്കുന്ന ഈ ആശ്രയം എന്ത്? യെരുശലേമിനെ അശ്ശൂർരാജാവിന്റെ കൈയിൽ ഏല്പിക്കയില്ല എന്ന് പറയുന്ന നിന്റെ ദൈവത്തെ വിശ്വസിച്ച് വഞ്ചിക്കപ്പെടരുത്' എന്ന് പറഞ്ഞുകൊണ്ട് ഹിസ്കീയാവ് രാജാവിന് ഒരു സന്ദേശം അയച്ചു. ഹിസ്കീയാവ് രാജാവിന് ദൈവത്തോടുള്ള ആ ഉറച്ച വിശ്വാസം പരീക്ഷിക്കപ്പെട്ടപ്പോഴും, വിശ്വാസം കൈവിട്ടില്ല.



## ദാവീദ്

ദാവീദ് കർത്താവിൽ ആശ്രയിക്കുകയും, തന്നെ നിന്ദിച്ച ഗൊല്യാത്തിനെതിരെ യുദ്ധം ചെയ്യുകയും ചെയ്തു. എന്നാൽ ഗൊല്യാത്തോ തന്റെ ജഡീക ബലത്തിൽ വിശ്വസിച്ചു. താൻ 9 അടി ഉയരമുള്ളവൻ എന്നു പറഞ്ഞ് അഹങ്കരിച്ചു. അവൻ തന്റെ കുന്തത്തിലും വാളിലും ആശ്രയിച്ചു. ദാവീദ് കുള്ളനും, യുവാവുമാണെന്ന് കണ്ടപ്പോൾ അവൻ അവനെ നിന്ദിച്ചു. എന്നാൽ അവസാനം അവൻ ദാവീദിന്റെ കൈയാൽ കൊല്ലപ്പെട്ടു. കർത്താവിൽ ആശ്രയിക്കുമ്പോൾ വിജയം സുനിശ്ചിതമാണ് (1 ശമു 17).

## ജോർജ്ജ് മുള്ളർ



കർത്താവിൽ വിശ്വാസമർപ്പിച്ച് അനേകം അനാഥാലയങ്ങൾ സ്ഥാപിക്കുകയും നടത്തുകയും ചെയ്തു. ഒരു ദിവസം പ്രാതലിന് ഭക്ഷണമില്ലായിരുന്നു. എന്തെങ്കിലും വാങ്ങണമെന്നുണ്ടെങ്കിൽപ്പോലും പണമില്ല. എല്ലാ പ്ലേറ്റുകളും ടംബ്ലറുകളും കാലിയായിരുന്നു. കുട്ടികൾക്ക് പ്രഭാതത്തിൽ എന്ത് കഴിക്കുവാൻ നൽകുമെന്ന് അറിയാതിരുന്നപ്പോൾ, എല്ലാവരും ഒരുമിച്ചിരുന്ന്, 'അങ്ങ് ഞങ്ങൾക്ക് നൽകുവാൻ പോകുന്ന ഭക്ഷണത്തിനായി നന്ദി, ആമേൻ!' എന്ന് പറഞ്ഞ് പ്രാർത്ഥിച്ച് അവസാനിപ്പിക്കുന്നതിന് മുമ്പ് വാതിലിൽ മുട്ടുന്ന ശബ്ദം കേട്ട് വാതിൽ തുറന്നപ്പോൾ, ബ്രഡ് ഉണ്ടാക്കുന്നയാൾ അവിടെ നിൽക്കുകയായിരുന്നു. 'എനിക്ക് രാത്രി ഉറങ്ങുവാൻ കഴിഞ്ഞില്ല, നിങ്ങൾക്ക് രാവിലെ കഴിക്കുവാൻ ഒന്നുമില്ലെന്ന് എനിക്ക് തോന്നി. അങ്ങനെ ഞാൻ അതിരാവിലെ 2 മണിക്ക് എഴുന്നേറ്റ് നിങ്ങൾക്കായി റൊട്ടി ഉണ്ടാക്കി' എന്നു പറഞ്ഞ് അദ്ദേഹം അവർക്ക് ആവശ്യമായ റൊട്ടികൾ കൊടുത്തു. അതിനായി നന്ദി പറഞ്ഞ് തീരുന്നതിനുമുമ്പ് വീണ്ടും വാതിലിൽ മുട്ടുന്ന ശബ്ദം കേട്ടു, തുറന്നു നോക്കിയപ്പോൾ 'പാൽ വണ്ടി ഈ അനാഥാലയത്തിന്റെ മുന്നിലെത്തിയപ്പോൾ പഞ്ചറായിപ്പോയി. അത് ശരിയാക്കണമെങ്കിൽ, അതിലിരിക്കുന്ന പാൽ മുഴുവനും മാറ്റേണ്ടതുണ്ട്. അതിനാൽ ഈ പാൽ നിങ്ങൾ വാങ്ങുവിൻ' എന്ന് പറഞ്ഞു. 'അന്ന് ഞങ്ങൾ രുചികരമായ പ്രഭാതഭക്ഷണം കഴിച്ചു' എന്ന് മുള്ളർ പറഞ്ഞു. നാം കർത്താവിൽ ആശ്രയിക്കുമ്പോൾ കർത്താവ് നമ്മെ എല്ലാ ദിവസവും പോഷിപ്പിക്കും.